2024 OCTOBER
14
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പുതുചരിത്രമെഴുതി സ്പേസ് എക്സ്
## സ്റ്റാർഷിപ് റോക്കറ്റിൻെറ ബൂസ്റ്റർ തിരിച്ചെത്തിച്ചു



**ടെക്സാസ് :** ബഹിരാകാശ വിക്ഷേപണത്തിൽ പുത്തൻ അധ്യായം എഴുതിച്ചേർത്ത് ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പേസ്എക്സ്. ലോകത്തെ ഏറ്റവും വലുതും കരുത്തുറ്റതുമായ സ്റ്റാർഷിപ് റോക്കറ്റിൻെറ ബൂസ്റ്റർഭാഗം വിക്ഷേപിച്ചു മിനിറ്റുകൾക്കുള്ളിൽ അതേ ലോഞ്ച്പാഡിൽ വിജയകരമായി തിരിച്ചിറക്കി. ബഹിരാകാശ വിക്ഷേപണ ചരിത്രത്തിൽ നിർണായകമാണ് ഈ പരീക്ഷണ വിജയം.

തന്റെ ഉടമസ്ഥതയിലുള്ള സമൂഹമാധ്യമ പ്ലാറ്റ്ഫോമായ എക്സിൽ ഇതിന്റെ വിഡിയോ ഇലോൺ മസ്ക് പങ്കുവച്ചു. ടെക്സസിലെ ബ്രൗൺസ്വില്ലിൽ വിക്ഷേപണം നടന്ന് 7 മിനിറ്റിനുശേഷമാണു സ്റ്റാർഷിപ് റോക്കറ്റിന്റെ ബൂസ്റ്റർ വിക്ഷേപണത്തറയിലേക്കു തിരിച്ചെത്തിയത്. 232 അടി നീളമുള്ള ബൂസ്റ്റർ ഇറങ്ങിവരുമ്പോൾ പിടിക്കാൻ ചോപ്സ്റ്റിക്കുകൾ എന്ന് വിളിക്കപ്പെടുന്ന ഭീമൻ ലോഹക്കൈകൾ ലോഞ്ച്പാഡിൽ ഉണ്ടായിരുന്നു. പരീക്ഷണം വിജയകരമായതോടെ എൻജിനീയർമാർ ആവേശത്തോടെ കയ്യടിക്കുന്നതും വിഡിയോയിലുണ്ട്.

സ്റ്റാർഷിപ് റോക്കറ്റിന്റെ അഞ്ചാമത്തെ പരീക്ഷണത്തിലാണു സ്പേസ്എക്സ് നേട്ടം കൈവരിച്ചത്. റോക്കറ്റിൻെറ ഒന്നാം ഭാഗത്തെ വിജയകരമായി തിരികെ ലാൻഡ് ചെയ്യിക്കുകയായിരുന്നു അഞ്ചാം പരീക്ഷണ വിക്ഷേപണത്തിലെ ലക്ഷ്യം. ബഹിരാകാശത്തുവച്ച് രണ്ടാം ഘട്ടവുമായി വേർപെട്ട ശേഷം, ഒന്നാം ഭാഗത്തെ ലോഞ്ച്പാഡിൽ വിജയകരമായി ലാൻഡ് ചെയ്യിക്കുക എന്ന വെല്ലുവിളിയാണ് സ്പേസ്എക്സ് മറികടന്നത്. പുനരുപയോഗിക്കാവുന്ന റോക്കറ്റ് വികസിപ്പിക്കുന്നതിനുള്ള കമ്പനിയുടെ നീക്കത്തിലും ഇതു നിർണായകമാകും.

121 മീറ്റർ ഉയരമുള്ള സ്റ്റാർഷിപ്പിന് 100 മുതൽ 150 ടൺ വരെ ഭാരമുള്ള വസ്തുക്കൾ ബഹിരാകാശത്തേക്ക് അയയ്ക്കാനാകും. ബഹിരാകാശ വിനോദസഞ്ചാരത്തിനും ബഹിരാകാശത്തുനിന്ന് മടങ്ങുമ്പോൾ ഭൂമിയിൽ സുരക്ഷിതമായി ഇറങ്ങുന്നതിനും ഈ പരീക്ഷണവിജയം ഗുണകരമാകും. പുനരുപയോഗിക്കാവുന്ന വിക്ഷേപണ വാഹനങ്ങൾ ഉപയോഗിച്ച് മനുഷ്യരെ ചന്ദ്രനിലേക്കും ചൊവ്വയിലേക്കും കൊണ്ടുപോകാൻ മസ്കിനു പദ്ധതിയുണ്ട്.



# ഗതാഗതക്കുരുക്ക്: ആദ്യ 10 ലോക നഗരങ്ങളിൽ പൂനെയും ബംഗളൂരുവും

**ബംഗളൂരു:** ഗതാഗതക്കുരുക്ക് ഏറ്റവും രൂക്ഷമായ ലോക നഗരങ്ങളുടെ പട്ടികയിലെ ആദ്യ പത്തിൽ രണ്ട് ഇന്ത്യൻ നഗരങ്ങളും. മഹാരാഷ്ട്രയിലെ പൂനെയും കർണാടകയിലെ ബംഗളൂരുവുമാണ് പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നത്. ഏഷ്യയിൽ ടോപ് 2 സ്ഥാനത്തു തന്നെയുണ്ട് ഈ രണ്ട് നഗരങ്ങളും.

പത്ത് കിലോമീറ്റർ ദൂരം താണ്ടാൻ എടുക്കുന്ന സമയം മാനദണ്ഡമാക്കിയാണ് പട്ടിക തയാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച്, ബംഗളൂരുവിൽ 10 കിലോമീറ്റർ കടക്കാൻ ശരാശരി 28 മിനിറ്റും 10 സെക്കൻഡും വേണം. പൂനെയിൽ ഇത് 27 മിനിറ്റ് 50 സെക്കൻഡ് ആണ്.

നഗരകേന്ദ്രത്തിൻെറ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ വാഹനം ഓടിക്കുന്നവരുടെ ട്രിപ്പ് ഡേറ്റയാണ് സമയം കണക്കാക്കാൻ ഉപയോഗിച്ചിരിക്കുന്നത്.

ആഗോള പട്ടികയിൽ 55 ലോകരാജ്യങ്ങളിൽനിന്നുള്ള 387 നഗരങ്ങൾ ഉൾപ്പെടുന്നു. ഇതിൽ ഒന്നാം സ്ഥാനം ഇംഗ്ലണ്ടിൻെറ തലസ്ഥാനമായ ലണ്ടനാണ്. ഇവിടെ പത്ത് കിലോമീറ്റർ താണ്ടാൻ ആവശ്യം വരുന്നത് ശരാശരി 37 മിനിറ്റ് 20 സെക്കൻഡാണ്.

ഏഷ്യൻ പട്ടികയിൽ ബംഗളൂരുവിനും പൂനെയ്ക്കും പിന്നിൽ മൂന്നു മുതൽ അഞ്ച് വരെയുള്ള സ്ഥാനങ്ങളിൽ ഫിലിപ്പീൻസിലെ മനില, തായ്വാനിലെ തായ്ചുങ്, ജപ്പാനിലെ സപോറോ എന്നിവയാണ്.

# വ്യവസായ മേഖല തളരുന്നു



**കൊച്ചി:** രാജ്യത്തെ വ്യവസായിക മേഖലയിൽ തളർച്ച ശക്തമാകുന്നു. കേന്ദ്ര സർക്കാരിൻെറ കണക്കുകളനുസരിച്ച് ഓഗസ്റ്റിൽ വ്യാവസായിക ഉത്പാദന സൂചിക 0.1 ശതമാനമായി ഇടിഞ്ഞു. ജൂലൈയിൽ വ്യവസായ ഉത്പാദനത്തിൽ 4.7% വർധനയുണ്ടായിരുന്നു.ഖനന, വൈദ്യുതി ഉത്പാദന മേഖലകളിലെ തളർച്ചയാണ് പ്രധാനമായും വ്യാവസായിക മേഖലയിൽ തളർച്ച ശക്തമാക്കുന്നത്. ഇതോടൊപ്പം മാനുഫാക്ച്ചറിങ് മേഖലയിലെ ഉത്പാദനത്തിലും കനത്ത ഇടിവ് ദൃശ്യമായി. ഖനന മേഖലയിലെ ഉത്പാദനത്തിൽ ജൂലൈയിൽ 4.3% ഇടിവുണ്ടായി. ജൂലൈയിൽ ഖനന രംഗത്ത് 3.8% വളർച്ചയാണുണ്ടായത്. വൈദ്യുതി ഉത്പാദനത്തിൽ 3.7% കുറവുണ്ടായി. മാനുഫാക്ച്ചറിങ് മേഖലയിലെ ഉത്പാദന വളർച്ച ജൂലൈയിലെ 4.4 ശതമാനത്തിൽ നിന്നും ഓഗസ്റ്റിൽ ഒരു ശതമാനമായി കുറഞ്ഞു.

ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള അഞ്ച് മാസത്തിൽ വ്യാവസായിക ഉത്പാദനത്തിൽ 4.2% വളർച്ചയാണുണ്ടായത്. മുൻവർഷം ഇതേകാലയളവിൽ വളർച്ച 6.2 ശതമാനമായിരുന്നു. വ്യാവസായിക മേഖലയിലെ തളർച്ച ശക്തമായതോടെ ഡിസംബറിൽ നടക്കുന്ന ധന അവലോകന നയത്തിൽ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കിൽ അര ശതമാനം വരെ കുറവ് വരുത്താൻ സാധ്യതയേറി. പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങളും വിപണിയിലെ പണ ലഭ്യതയിലുണ്ടായ കുറവും നാണയപ്പെരുപ്പ ഭീഷണിയും ഇന്ത്യയുടെ വ്യവസായ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ് വിലയിരുത്തുന്നത്.



# ഓൾ കേരള റീഡേഴ്സ് മീറ്റപ്പും പുസ്തക പ്രകാശനവും

**കൊച്ചി:**ഹാരി പോട്ടർ ബുക്ക് ഡേ ആഘോഷത്തിന് അനുബന്ധമായി ജെ.സി.ഐ കൊച്ചിൻ, ഓൾ കേരള ബുക്ക് ലവേഴ്സ് ക്ലബ്, സ്പോർട്സ് മാനേജ്മെന്റ് ആൻഡ് റിസേർച് ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിൻ എന്നിവയുടെസഹകരണത്തോടെ കൊച്ചിയിൽ ഓൾ കേരള റീഡേഴ്സ് മീറ്റപ്പ് സംഘടിപ്പിച്ചു.

പ്രഗത്ഭ മോട്ടിവേഷണൽ ട്രൈനറും നവാഗത എഴുത്തുകാരനുമായ ശ്രീ ഫൈസി സെയ്ദ് ഇബ്രാഹിം രചിച്ച 'ഇരു ഹൃദയങ്ങൾ' എന്ന പുസ്തകം ലിസി കോളേജ് ഓഫ് അല്ലയ്ഡ് ഹെൽത്ത്സയൻസസ് പ്രിൻസിപ്പലും കൊച്ചിൻ പ്രസിഡന്റുമായ ഷബീർ എസ് ഇക്ബാൽ പ്രകാശനം ചെയ്തു. എഴുത്തുകാരൻ സിജിൻ ബി.ടി. പുസ്തകം ഏറ്റുവാങ്ങി.

എഴുത്തുകാരൻ കമാൽ മുഹമ്മദ് , ജെ.സി.ഐ കൊച്ചിൻ സെക്രട്ടറി ഷോൺ ജോർജ് ജോസഫ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. എഴുത്തുകാരും വായനക്കാരും ഉൾപ്പെടുന്ന നാൽപതിലധികം ആളുകൾ പങ്കെടുത്തു.

# സൂപ്പർലീഗ് കേരള:ഫോഴ്സാ കൊച്ചി കണ്ണൂർ വാര്യേഴ്സ് മത്സരം സമനിലയിൽ

**കൊച്ചി:** സൂപ്പർലീഗ് കേരളയിൽ ഫോഴ്സാ കൊച്ചി എഫ്സി കണ്ണൂർ വാര്യേഴ്സ് എഫ്സി മത്സരം സമനിലയിൽ. 19ാം മിനിറ്റിലെ ഗോളിൽ ജയമുറപ്പിച്ച കരുത്തരായ കണ്ണൂരിനെ ഇഞ്ചുറി ടൈമിലെ തകർപ്പൻ ഗോളിൽ കൊച്ചി സമനിലയിൽ കുരുക്കുകയായിരുന്നു.

കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന മത്സരത്തിൽ 19ാം മിനിറ്റിൽ മധ്യനിര താരം പ്രഗ്യാൻ സുന്ദറാണ് കണ്ണൂരിനെ മുന്നിലെത്തിച്ചത്. സമനിലക്കായി കൊച്ചി ആഞ്ഞുശ്രമിച്ചെങ്കിലും കണ്ണൂർ പ്രതിരോധം പൂട്ടിട്ടു. എന്നാൽ അവസാന മിനിറ്റിലെ കൊച്ചിയുടെ മുന്നേറ്റം തടയാൻ കണ്ണൂരിന്റെ പടയാളികൾക്കായില്ല. ബ്രസീൽ താരം ഡോറിയെൽട്ടൻ ഗോമസാണ് പരാജയമുറപ്പിച്ച കൊച്ചിയുടെ ആരാധകരെ അവസാന നിമിഷം ത്രസിപ്പിച്ചത്. മത്സരത്തിന്റെ രണ്ടാപകുതിയിൽ സ്റ്റേഡിയത്തിലെ ലൈറ്റുകൾ അണഞ്ഞത് അൽപനേരം കളി തടസപ്പെടുത്തി. നാലാം സമനിലയോടെ കണ്ണൂർ പോയിന്റ് നിലയിൽ കാലിക്കറ്റ് എഫ്സിക്കൊപ്പമെത്തിയെങ്കിലും രണ്ടാം സ്ഥാനത്ത് തുടർന്നു. ഗോൾവ്യത്യാസത്തിൽ കാലിക്കറ്റിന് മുൻതൂക്കം. മൂന്ന് മത്സരങ്ങൾ അവശേഷിക്കേ സെമിഫൈനൽ സാധ്യതയും കണ്ണൂർ സജീവമാക്കി. 7 മത്സരങ്ങൾ പൂർത്തിയാക്കിയ കണ്ണൂർ ഇതുവരെ ലീഗിൽ തോൽവിയറിഞ്ഞിട്ടില്ല. അപരാജിതരായ കാലിക്കറ്റിനും 13 പോയിന്റാണുള്ളത്. നിർണായക സമനിലയിൽ 10 പോയിന്റുമായി തിരുവനന്തപുരം കൊമ്പൻസിനെ മറികടന്ന് കൊച്ചി മൂന്നാം സ്ഥാനത്തേക്കുയർന്നു. 9 പോയിന്റാണ് തിരുവനന്തപുരത്തിന്. ലീഗിലെ എട്ടാം റൗണ്ട് മത്സരങ്ങൾ ഒക്ടോബർ 18ന് തുടങ്ങും. 20ന് കാലിക്കറ്റ് എഫ്സിയുമായാണ് കൊച്ചിയുടെ അടുത്ത അങ്കം. സെമി സാധ്യത നിലനിർത്താൻ കൊച്ചിക്ക് ഇനിയുള്ള മത്സരങ്ങൾ നിർണായകമാണ്. 19ന് ട്രിവാൻഡ്രം കൊമ്പൻസുമായാണ് കണ്ണൂരിന്റെ മത്സരം.

# റോട്ടറി ക്ലബ് ഓഫ് തൃപ്പൂണിത്തുറ സംഗീത വിരുന്ന് സംഘടിപ്പിച്ചു



**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് തൃപ്പൂണിത്തുറയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജുവനൈൽ ഡയബറ്റിക് ബാധിതരായ വിദ്യാർഥികൾക്കും കലാരംഗത്തു പലകാരണങ്ങൾക്കൊണ്ടും സഹായമർഹിക്കുന്ന കലാകാരന്മാരെ സഹായിക്കുന്നതിനുമായി ശ്രീരാഗമോ എന്ന പേരിൽ സംഗീത വിരുന്ന് സംഘടിപ്പിച്ചു. സംഗീത സംവിധായകൻ ശരത്തിൻറെ നേതൃത്വത്തിൽ തൃപ്പൂണിത്തുറ റോട്ടറി ക്ലബ് അംഗങ്ങൾ കൂടിയായ രാജേഷ് ചേർത്തല, ഗണേഷ് സുന്ദരം, കെ കെ നിഷാദ്, ദിവ്യ എസ് മേനോൻ എന്നിവർ ഗാനസദ്യയൊരുക്കി. ചടങ്ങ് ശരത് തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. റോട്ടറി അസി.ഗവർണർ വിനോദ് മേനോൻ, ഗവർണർ ഗ്രൂപ്പ് പ്രതിനിധി ഹരികൃഷ്ണൻ, ബാങ്ക് ഓഫ് ബറോഡ ചീഫ് മാർക്കറ്റിങ് മാനേജർ ബീന തോമസ്, രാജേഷ് ചേർത്തല, ലക്ഷ്മി നാരായണൻ, ക്ലബ് പ്രസിഡൻറ് എൻ.ആർ പരമേശ്വരൻ, സെക്രട്ടറി ഡോ. ചിത്ര പ്രദീപ് എന്നിവർ പങ്കെടുത്തു. പരിപാടിയിൽ നിന്ന് ലഭിച്ച തുക ജുവനൈൽ ഡയബറ്റിക് ബാധിതരായ വിദ്യാർഥികൾക്കും കലാരംഗത്തു പലകാരണങ്ങൾക്കൊണ്ടും സഹായമർഹിക്കുന്ന കലാകാരന്മാരായ അറു പേരയും ആദരിക്കുകയും തുക കൈമാറുകയുചെയ്തു



# ബ്ലൈൻഡ് ഫുട്ബോൾ ദേശീയ ചാംപ്യൻഷിപ്, കേരളാ ടീമിനെ പ്രഖ്യാപിച്ചു

**കൊച്ചി:** മഹാരാഷ്ട്രയിൽ വെച്ച് നടക്കുന്ന ഐ ബി എഫ് എഫ് ദേശീയ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് വേണ്ടിയുള്ള കേരളത്തിന്റെ പുരുഷവനിതാ ടീമുകളെ പ്രഘ്യാപിച്ചു. സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫ്രന്റ്‌ലി ഏബിൾഡ് ഓഫ് കേരളയും, കേരളാ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷന്റെയും നേതൃത്വത്തിലാണ് ടീമിന്റെ മുന്നൊരുക്കങ്ങൾ നടക്കുന്നത്.

തിരുവനന്തപുരത്തു വെച്ച് നടക്കുന്ന പരിശീലന ക്യാമ്പിന് ശേഷം പതിനാലാം തിയ്യതി ടീം മഹാരാഷ്ട്രയിലേക് തിരിക്കും. പി ശശിധരൻ നായർ, (ജനറൽ സെക്രട്ടറി, സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫ്രന്റ്‌ലി ഏബിൾഡ് ഓഫ് കേരള), എ എം കെ നിസാർ, ഒബ്സർവർ (കേരളാ സ്റ്റേറ്റ് സ്പോർട്സ് കൌൺസിൽ ) ചേർന്ന് കേരളാ ടീം പ്രഖ്യാപനവും, ഒഫീഷ്യൽ ജേഴ്സി പ്രകാശനവും നിർവഹിച്ചു. കഴിഞ്ഞ വർഷം കേരളത്തിന്റെ പുരുഷ ടീം ദേശീയ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയിരുന്നു. സ്പോർട് കൗൺസിലിന്റെ സഹായത്തോടെ മികച്ച രീതിയിൽ പരിശീലനം നടത്താൻ കഴിഞ്ഞത് ഇത്തവണ ദേശീയ ചാമ്പ്യൻഷിപ്പിൽ മികച്ച നേട്ടം കരസ്ഥമാക്കാൻ കഴിയുമെന്ന് ഉറച്ച പ്രതീക്ഷയിലാണ് കേരളാ ബ്ലൈൻഡ് ഫുട്ബോൾ താരങ്ങൾ.

വനിതാ ടീം: ശാലിനി (ക്യാപ്റ്റൻ) ബീന ഹിറാനിമോസ്, വിനെക വി , ഹീരാ വി എസ് , രേഷ്മ ആർ , ജിഷാമോൾ , അപർണ ഇ (ഗോൾ കീപ്പർ) അജുഷ ഷെറിൻ (ഗോൾ കീപ്പർ ) സീന സി വി (കോച്ച്) ഷിഫാന (ടീം കോഓർഡിനേറ്റർ )

പുരുഷ ടീം : അഖിൽ ലാൽ (ക്യാപ്റ്റൻ) അഖിൽ കുമാർ, അഭിഷേക് കെ , രഞ്ജിത് ഇ ആർ , അബിൻ കെ ബി , തുഫൈൽ അബ്ദുല്ല, ജംഷാദ്, അനീസ് റഹ്മാൻ, അനുഗ്രഹ് ടി എസ് (ഗോൾ കീപ്പർ ) സുജിത് പി എസ് (ഗോൾ കീപ്പർ ) അതുൽ കൃഷ്ണ (ഗോൾ ഗൈഡ് ) റഷാദ് (ടീം കോഓർഡിനേറ്റർ )

# സെർവോ മീഡിയ കപ്പ് കിരീടം എറണാകുളം പ്രസ് ക്ലബിന്

**കൊച്ചി:** കേരള പത്രപ്രവർത്തക യൂണിയൻ 60ാം സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് ഇന്ത്യൻ ഓയിൽ കോർപറേഷൻ സംഘടിപ്പിച്ച സെർവോ മീഡിയ കപ്പ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ എറണാകുളം പ്രസ് ക്ലബ് ടീം ജേതാക്കളായി. ഫാക്ട് സ്കൂൾ ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ ഐ.ഒ.സി ടീമിനെ 83 റൺസിന് തോല്പിച്ചാണ് പ്രസ് ക്ലബ് കിരീടം നേടിയത്. ആദ്യം ബാറ്റുചെയ്ത പ്രസ് ക്ലബ് നിശ്ചിത 20 ഓവറിൽ 6 വിക്കറ്റിന് 227 റൺസെടുത്തു. മറുപടി ബാറ്റിംഗിൽ ഐഒസി ടീം 18.4 ഓവറിൽ 144 റൺസിന് ഓൾഔട്ടായി. പ്രസ് ക്ലബ് ടീമിനായി 71 റൺസെടുത്ത രഞ്ജു മത്തായിയാണ് മാൻ ഓഫ് ദി മാച്ച്.



എറണാകുളം ഫാക്ട് സ്കൂൾ ഗ്രൗണ്ടിൽ നടന്ന സെർവോ മീഡിയ കപ്പ് സൗഹൃദ ക്രിക്കറ്റ് മത്സരത്തിൽ വിജയികളായ എറണാകുളം പ്രസ് ക്ലബ് ടീമിന് ഇന്ത്യൻ ഓയിൽ കോർപറേഷൻ കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ ചീഫ് ജനറൽ മാനേജർ വെട്രി സെൽവകുമാർ, എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ആർ. ഗോപകുമാർ, സെക്രട്ടറി എം ഷജിൽകുമാർ എന്നിവർ ചേർന്ന് ട്രോഫി കൈമാറുന്നു.

ഇന്ത്യൻ ഓയിൽ കോർപറേഷൻ കോർപറേറ്റ് കമ്മ്യൂണിക്കേഷൻ ചീഫ് ജനറൽ മാനേജർ വെട്രി സെൽവകുമാറിൽ നിന്ന് പ്രസ് ക്ലബ് ടീം ക്യാപ്റ്റൻ ജിതേഷ് ടി.ആർ ട്രോഫി ഏറ്റുവാങ്ങി. ഐഒസി ജനറൽ മാനേജർ വിദ്യാശേഖർ, ഡി.ജി.എം ഇൻചാർജ് എച്ച്.ആർ ആർ. ബിന്ദു, ഡി.ജി.എം എച്ച്ആർ ജസീൽ ഇസ്മയിൽ, കോർപറേറ്റ് കമ്മ്യൂണിക്കേഷൻ മാനേജർ രാജശേഖർ, എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ആർ. ഗോപകുമാർ, പ്രസ് ക്ലബ് സെക്രട്ടറി എം. ഷജിൽകുമാർ, ട്രഷറർ അഷ്റഫ് തൈവളപ്പ്, ടൂർണമെന്റ് ചീഫ് കോർഡിനേറ്റർ വി. സജീവ് കുമാർ, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായ ടോമി മാത്യു, പ്രകാശ് എളമക്കര, എം.ജി ലിജോ, ശ്രീകാന്ത് മണിമല,പി.ഒ ജിഷ, സംസ്ഥാന സമിതി അംഗങ്ങളായ ജലീൽ അരുക്കുറ്റി, റിതികേഷ്, ജിപ്സൺ സിക്കേര എന്നിവർ നേതൃത്വം നൽകി.

## സാങ്കേതിക സർവകലാശാല: മൂന്നാമത് എം ടെക് സ്പോട്ട് അഡ്മിഷൻ 16 ന്

**തിരുവനന്തപുരം:** എ പി ജെ അബ്ദുൽകലാം സാങ്കേതികശാസ്ത്ര സർവകലാശാലയുടെ പഠനഗവേഷണ സ്കൂളുകളിൽ ഒഴിവു വന്ന ഏതാനും ജനറൽ, സംവരണ സീറ്റുകളിലേക്കുള്ള മൂന്നാമത് സ്പോട്ട് അഡ്മിഷൻ ഒക്റ്റോബർ 16 ന് നടക്കും. മെക്കാനിക്കൽ ആൻഡ് മെറ്റീരിയൽ ടെക്നോളജി (മെക്കാനിക്കൽ), ഇൻഫ്രാസ്ട്രക്ച്ചർ എൻജി. & മാനേജ്മന്റ് (സിവിൽ), ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി (ഇലക്ട്രിക്കൽ ), എംബെഡഡ് സിസ്റ്റംസ് ടെക്നൊളജിസ് (ഇലക്ട്രോണിക്സ്) എന്നീ സ്പെഷ്യലൈസേഷനുകളിലാണ് ഒഴിവുള്ളത്. സംവരണ സീറ്റുകളിലേക്ക് മതിയായ അപേക്ഷകരില്ലെങ്കിൽ ജനറൽ വിഭാഗത്തിലുള്ളവരെ പരിഗണിക്കുന്നതാണ്. താത്പര്യമുള്ളവർ മാർക് ലിസ്റ്റ് /ഡിഗ്രി സർട്ടിഫിക്കറ്റ് ഉൾപ്പടെയുള്ള അസ്സൽ രേഖകൾ സഹിതം ഒക്ടോബർ 16 ന് രാവിലെ 11 മണിക്ക് ശ്രീകാര്യം അലത്തറ അമ്പാടിനഗറിലുള്ള സാങ്കേതികശാസ്ത്ര സർവകലാശാല (കെ ടി യു) ആസ്ഥാനത്തു ഹാജരാകണം. വിശദവിവരങ്ങൾക്ക് 94957 41482, 97451 08232 എന്നീ നമ്പറുകളിൽ വിളിക്കുക.

## കല്ലട ജലോത്സവം ദേശീയ ഉത്സവമാക്കി മാറ്റും: മന്ത്രി ജെ. ചിഞ്ചുറാണി

**കുണ്ടറ:** കല്ലടയാറ്റിൽ 52 വർഷം മുൻപ് തുടങ്ങിവച്ച കല്ലട ജലോത്സവം ദേശീയ ഉത്സവമാക്കി മാറ്റുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി. മൺട്രോത്തുരുത്തിലെ കല്ലടയാറ്റിൽ നടന്ന കല്ലട ജലോത്സവം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. കല്ലട ജലോത്സവം മൺറോ തുരുത്തിന് ഉത്സവമായി മാറി.

ഇന്ത്യയുടെ ടൂറിസം ഭൂപടത്തിൽ മൺറോതുരുത്തിൻറെ ടൂറിസം പദ്ധതി തിലകക്കുറിയായി മാറ്റുമെന്ന് മന്ത്രി പറഞ്ഞു. വരുംവർഷം ഇരുപത്തിയെട്ടാം ഓണത്തിന് ചുണ്ടൻവള്ളങ്ങളെ മത്സരിപ്പിക്കുമെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി പറഞ്ഞു.

കല്ലടയിലെ ജനങ്ങളുടെ ഉത്സവമായ കല്ലട ജലോത്സവം മൺട്രോത്തുരുത്ത് കിഴക്കേ കല്ലട പടിഞ്ഞാറേ കല്ലട പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ഇരുപത്തിയെട്ടാം ഓണം നാളിൽ പുനരാരംഭിക്കുകയായിരുന്നു.

ജലമേളക്ക് പഞ്ചായത്ത് പ്രസിഡൻറും ജലോത്സവ കമ്മിറ്റി ചെയർപേഴ്സണുമായ മിനിസൂര്യകുമാർ പതാക ഉയർത്തി. കോവൂർ കുഞ്ഞുമോൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ സജിത്ത് ശിങ്കാരപള്ളി റിപ്പോർട്ട് അവതരിപ്പിച്ചു.

സ്വാഗതസംഘം ചെയർമാൻ സുരേഷ് ആറ്റുപുറം ടീമുകളെ പരിചയപ്പെടുത്തി. ജലഘോഷയാത്ര പി. സി. വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ശിക്കാര വള്ളങ്ങളുടെ ഘോഷയാത്ര പടിഞ്ഞാറെ കല്ലട പഞ്ചായത്ത് പ്രസിഡൻറ് ഡോ. സി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മൺറോത്തുരുത്ത് പഞ്ചായത്ത് പ്രസിഡൻറ് മിനി സൂര്യകുമാർ, കിഴക്കേകല്ലട പഞ്ചായത്ത് പ്രസിഡൻറ് കെ.ജി. ലാലി, സിപിഐ കുന്നത്തൂർ മണ്ഡലം സെക്രട്ടറി അഡ്വ. സി.ജി. ഗോപുകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

# സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം: 608 ആയുഷ് മെഡിക്കൽ ക്യാമ്പുകൾ

**തിരുവനന്തപുരം:** സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി ആയുഷ് വകുപ്പ്, പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗ വികസന വകുപ്പുകളുമായി സഹകരിച്ച് സംസ്ഥാനത്തൊട്ടാകെ ആയുഷ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. എല്ലാ ബ്ലോക്കുകളിലും ഏറ്റവും അർഹമായ പട്ടികജാതി, പട്ടികവർഗ മേഖലകൾ തെരഞ്ഞെടുത്ത് അവിടെ ആയുർവേദം ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ ശാസ്ത്രങ്ങളുടെയും ഹോമിയോപ്പതിയുടെയും പ്രത്യേക മെഡിക്കൽ ക്യാമ്പുകളാണ് സംഘടിപ്പിക്കുക. ഒരു ബ്ലോക്കിൽ 4 ക്യാമ്പുകൾ ഉണ്ടാകും. സംസ്ഥാനത്താകെ 608 ആയുഷ് മെഡിക്കൽ ക്യാമ്പുകളാണ് സംഘടിപ്പിക്കുന്നത്.

ആയുഷ് മെഡിക്കൽ ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 14ന് ഉച്ചയ്ക്ക് 12 മണിക്ക് തിരുവനന്തപുരം അയ്യൻകാളി ഹാളിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. പട്ടികജാതി പട്ടികവർഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ചടങ്ങിൽ അധ്യക്ഷത വഹിക്കും. ഒക്ടോബർ 14ന് ആരംഭിച്ച് ഈ മാസം തന്നെ മുഴുവൻ ആയുഷ് മെഡിക്കൽ ക്യാമ്പുകളും പൂർത്തിയാകുംവിധം എല്ലാ സജ്ജീകരണങ്ങളും ആയുഷ് വകുപ്പ്, പട്ടിക ജാതി പട്ടികവർഗ പിന്നോക്കവിഭാഗ വികസന വകുപ്പുകളുടെ സഹകരണത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്.

മാതൃ ശിശു ആരോഗ്യമാണ് ഈ ക്യാമ്പുകളുടെ പ്രത്യേക പരിഗണനാ വിഷയം. വിളർച്ചാ നിവാരണം, ജീവിതശൈലീ രോഗങ്ങൾ, വയോജനാരോഗ്യം എന്നിവയ്ക്കും ഊന്നൽ നൽകും. സംസ്ഥാനത്തെ പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികവർഗ വിഭാഗങ്ങളിലേക്ക് ഈ ക്യാമ്പുകൾ ശ്രദ്ധ ചെലുത്തും. പൂർണമായും സൗജന്യമായ ഈ മെഡിക്കൽ ക്യാമ്പുകളിൽ പൊതു ആരോഗ്യ പരിശോധനകളും മരുന്ന് വിതരണവും കൂടാതെ പ്രാഥമിക ലബോറട്ടറി സേവനങ്ങൾ, ബോധവത്ക്കരണ ക്ലാസുകൾ, യോഗ പരിശീലനം എന്നിവയും ഉണ്ടാകും. ഇതിൽ പങ്കെടുക്കുന്നവരുടെ തുടർ ചികിത്സകൾ വിവിധ ആയുഷ് വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും വിവിധ സ്ഥാപനങ്ങളിലൂടെ ഉറപ്പാക്കും.

# സാഹിത്യോത്സവ വേദികൾ നാടിന് അനിവാര്യം: ശശി തരൂർ എംപി

**പോത്തൻകോട്:** എഴുത്തുകാരും വായനക്കാരും ഒരുമിക്കുന്ന സാഹിത്യോത്സവത്തിൻറെ വേദികൾ നാടിന് അനിവാര്യമാണെന്നു ഡോ. ശശി തരൂർ എംപി. ശാന്തിഗിരി ഫെസ്റ്റിനോടനുബന്ധിച്ചു നടക്കുന്ന സാഹിത്യോത്സവം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു എം.പി.

എഴുതിയതു വായിക്കാൻ ആളില്ലെങ്കിൽപിന്നെ എഴുത്തിന് അർഥമില്ല. വായനക്കാർക്ക് എന്ത് ഇഷ്ടപ്പെട്ടു, എന്ത് ഇഷ്ടപ്പെട്ടില്ല, പുസ്തകങ്ങൾ അവരുടെ ജീവിതത്തിൽ എന്തു മാറ്റങ്ങളുണ്ടാക്കി, ഇതാണ് അറിയേണ്ടത്.

അതിനുള്ള ഇടമുണ്ടാകണം. എഴുത്തുകാരും വായനക്കാരും ഒരുമിക്കുന്ന സാഹിത്യോത്സവത്തിൻറെ വേദികൾ നാടിന് അനിവാര്യമാണെന്നും ജനമനസുകളിൽ സാഹിത്യത്തിൻറെ സന്തോഷം എത്തിക്കുയെന്നതാണു ശാന്തിഗിരി സാഹിത്യോത്സവത്തിൻറെ ലക്ഷ്യമെന്നും എംപി വ്യക്തമാക്കി.

തലസ്ഥാനനഗരിയിൽ സാഹിത്യോത്സവങ്ങൾ സംഘടിപ്പിക്കുന്നതിന് 2006 മുതൽ പ്രവർത്തിക്കുന്ന ആളാണു താനെന്നും ഇന്നു സർക്കാർ തലത്തിൽ നിയമസഭയിൽ പോലും സാഹിത്യോത്സവങ്ങൾ സംഘടിപ്പിക്കുന്നുണ്ടെന്നും അതിൽ ഏറെ സന്തോഷമുണ്ടെന്നും എംപി കൂട്ടിച്ചേർത്തു. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ജോയിൻറ് സെക്രട്ടറി സ്വാമി നവനന്മ ജ്ഞാന തപസ്വി മഹനീയ സാന്നിധ്യമായി. കമ്മ്യൂണിക്കേഷൻസ് വിഭാഗം അസോസിയേറ്റ് എഡിറ്റർ അനിൽ ചേർത്തല സാഹിത്യോത്സവത്തിൻറെ ആശയാവതരണം നടത്തി.

ജനനി കല്പന, ജനനി കൃപ, ജനനി വന്ദിത, സബീർ തിരുമല, ജയപ്രകാശ്.എ, ജയൻ പോത്തൻകോട്, ഡോ. സ്വപ്ന ശ്രീനിവാസൻ, കെ.ജി. ആശാലത എന്നിവരും പങ്കെടുത്തു.



# ഓച്ചിറ 28ാം ഓണാഘോഷം സമാപിച്ചു

**കരുനാഗപ്പള്ളി:** ഓണാട്ടുകരക്കാരുടെ ആവേശമായ ഓച്ചിറ ഇരുപത്തി എട്ടാം ഓണാഘോഷം സമാപിച്ചു. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ 52 കരകളിൽ നിന്ന് ഇരുനൂറിലധികം കെട്ടുകാളകൾ, നിശ്ചല ദൃശ്യങ്ങൾ, ചെണ്ടമേളം, വിവിധ കലാരൂപങ്ങൾ എന്നിവ രാവിലെ തന്നെ ക്ഷേത്ര പടനിലത്ത് എത്തി ചേർന്നു. രാത്രി വൈകിയാണ് വിവിധ കരകളിൽ നിന്ന് കെട്ടു കാളകൾ എത്തിച്ചേർന്നത്.

ഏറ്റവും വലിയ കെട്ടുകാള കാലഭൈരവൻ അപ്രതീക്ഷതമായി തകർന്ന് വീണത് വിശ്വാസികളിൽ ദുഃഖമുണ്ടായി. ചെറുതും വലുതുമായ കെട്ടു കാളകൾ പടനിലത്തേക്ക് പ്രവേശിച്ചതോടെ പടനിലം ജനസാഗരമായി. പോലീസ്, അഗ്നി രക്ഷാസേന, പ്രാദേശിക ഭരണകൂടം വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ സുരക്ഷ ഒരുക്കിയിരുന്നു.

## ദ്വിദിന ദേശീയ സെമിനാർ

**തിരുവനന്തപുരം:** വെള്ളായണി കാർഷിക സർവകലാശാലയിൽ ഒക്ടോബർ 1617 തീയതികളിൽ 'ആഗോള പോഷകാഹാര സുരക്ഷയ്ക്കുള്ള നൂതന തന്ത്രങ്ങൾ' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കും. ലോക ഭക്ഷ്യ ദിനാഘോഷത്തിൽ യുഎൻ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (യു.എൻ ഡബ്ല്യു.എഫ്.പി) പ്രോജക്റ്റായ റൈസ് ഫോർട്ടിഫിക്കേഷന്റെ സാങ്കേതിക സപ്പോർട്ട് യൂണിറ്റ് സംഘടിപ്പിക്കുന്ന സെമിനാർ ഭക്ഷ്യ ശാക്തീകരണത്തിലൂടെ ആഗോള പോഷകാഹാര വെല്ലുവിളികളെ നേരിടാൻ ലക്ഷ്യമിടുന്നു. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി. അശോക് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് സെമിനാറിന്റെ ഉദ്ഘാടനം നിർവഹിക്കും. യു.എൻ ഡബ്ല്യു.എഫ്.പി ഇന്ത്യയുടെ ഡെപ്യൂട്ടി കൺട്രി ഡയറക്ടർ ഡോ. നോസോമി ഹാഷിമോട്ടോ ഉൾപ്പെടെയുള്ള വിഷയ വിദഗ്ധർ പ്രഭാഷണം നടത്തും.

ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രഭാഷകരുടെ വൈവിധ്യമാർന്ന പാനലിനൊപ്പം, പോഷകാഹാര സുരക്ഷ വർധിപ്പിക്കുന്നതിനുള്ള നൂതന തന്ത്രങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സെമിനാറുകൾ എന്നിവയും നടക്കും. ആഗോളതലത്തിൽ പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അറിവ് പങ്കിടൽ, പരസ്പരസഹകരണം എന്നിവയ്ക്കുള്ള വേദിയായി സെമിനാർ മാറും. കൂടുതൽ വിവരങ്ങൾക്ക് 9495118208 എന്ന നമ്പറിൽ ബന്ധപ്പെടുക.




## ഹെസദ് 2കെ 24 വാഹന വിളംബര റാലി

**തിരുവല്ല:** 19, 20 തീയതികളിൽ നടത്തുന്ന എംസിവൈഎം സഭാതല യുവജനദിനാഘോഷത്തിമുന്നോടിയായി തിരുവല്ല അതിഭദ്രാസനത്തിൻറെ ഒമ്പതു മേഖലകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള വാഹനവിളംബര റാലി തോട്ടഭാഗം സെൻറ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ തിരുവല്ല അതിരൂപത മുഖ്യ വികാരി ജനറാൾ മോൺ. റവ. ഡോ. ഐസക് പറപ്പള്ളിൽ ഫ്ളാഗ് ഓഫ് ചെയ്തു.

തിരുവല്ല കെഎസ്ആർടിസി ബസ് സ്റ്റാൻഡ് പരിസരത്ത് വാഹനറാലി എത്തിയതിനേത്തുടർന്ന് ഹെസദ് 2കെ24 ന് മുന്നോടിയായിട്ടുള്ള ഫ്ളാഷ് മോബ് അവതരിപ്പിച്ചു . തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദേവാലയത്തിൽ വാഹനറാലി സമാപിച്ചു. തുടർന്ന് തിരുവല്ല അതിരൂപത പ്രോക്കുറേറ്റർ ഫാ. തോമസ് പാറയ്ക്കൽ പതാക ഉയർത്തി.

ഹെസദ് 2കെ24 തീം സോംഗ് പ്രകാശനം ഫാ. മാത്യു പൊട്ടുക്കുളത്തിലും ഫാ. എബി വടക്കുംതലയും ചേർന്ന് നിർവഹിച്ചു.



പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ നവരാത്രി മഹോൽസവത്തിന്റെ ഭാഗമായി വിജയദശമി നാളിൽ ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി ഭദ്രദീപം തെളിയിക്കുന്നു.

# പാവക്കുളത്ത് വിദ്യാരംഭം കുറിച്ച് കുരുന്നുകൾ

**കൊച്ചി:** പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ നവരാത്രിമഹോൽസവത്തിന്റെ ഭാഗമായി വിജയദശമി നാളിൽ ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി (മുൻ ശബരിമല ഗുരുവായൂർ മേൽശാന്തി), ബ്രഹ്മശ്രീ മൂർക്കന്നൂർ മോഹനൻ നമ്പൂതിരി, ബ്രഹ്മശ്രീ താന്നിപ്പിള്ളി നാരായണൻ നമ്പൂതിരി(വേദഞ്ജൻ ) എന്നിവരുടെ കാർമികത്വത്തിൽ നടന്ന വിദ്യാരംഭം നടന്നു. രാവിലെ സരസ്വതി പൂജക്ക് ശേഷം പൂജയെടുപ്പും വിദ്യാരംഭം നടന്നു. പാവക്കുളത്തെ ആൽത്തറയിലെ മണലിൽ അനേകം ഭക്തർ ഹരിശ്രീ ഗണപതയേ നമഹ: എഴുതി.

കലാ സാംസ്കാരിക പരിപാടികൾ വിശ്വഹിന്ദു പരിഷത്ത് അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി സ്ഥാണു ജി മലയിൽ ദീപ പ്രോജ്വലനം ച്യ്തുകൊണ്ട് പ്രസംഗിച്ചു. ക്ഷേത്ര ഭാരവാഹികളുടെ നേതൃത്വത്തിൽ ക്ഷേത്ര കലയായ സോപാന സംഗീതം, വാദ്യ മേളം പഠിപ്പിക്കുന്ന ഗുരു കൊട്ടാരം സജിത്ത് മാരാരെ ആദരിച്ചു.



കൊച്ചിൻ സൗത്ത് റോട്ടറിയുടെ കീഴിലുള്ള തിരുവാങ്കുളം റോട്ടറി കമ്മ്യൂണിറ്റി കോറിന്റെ 30ാം വാർഷികാഘോഷം എറണാകുളം ജില്ലാ കൺസ്യൂമർ ഉപഭോക്തൃ കോടതി പ്രസിഡന്റ് അഡ്വ.ഡി. ബി ബിനു ഉദ്ഘാടനം ചെയ്യുന്നു

# തിരുവാങ്കുളം റോട്ടറി കമ്മ്യൂണിറ്റി കോർ 29ാം വാർഷികാഘോഷം

**കൊച്ചി:** കൊച്ചിൻ സൗത്ത് റോട്ടറിയുടെ കീഴിലുള്ള സേവന വിഭാഗമായ തിരുവാങ്കുളം റോട്ടറി കമ്മ്യൂണിറ്റി കോർ 30ാം വർഷത്തിലേക്ക് കടന്നു. വാർഷികാഘോഷ ഉദ്ഘാടനം എറണാകുളം ജില്ലാ കൺസ്യൂമർ ഉപഭോക്തൃ കോടതി പ്രസിഡന്റ് അഡ്വ. ഡി .ബി ബിനു നിർവഹിച്ചു. കൊച്ചിൻ സൗത്ത് റോട്ടറി പ്രസിഡന്റ് പി.ജി ജയശങ്കർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി മഹേഷ് രാംദാസ് മുഖ്യപ്രഭാഷണം നടത്തി. വാർഷികാഘോഷ ഭാഗമായി ഭാരത സർക്കാരിന്റെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻസ് വിഭാഗത്തിന്റെ സഹായത്തോടെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ചു. ഗാന്ധിജയന്തിയുടെ ഭാഗമായി തിരുവാങ്കുളം ഗവ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോമും,പഠനോപകരണ വിതരണവും, ടടഘഇ, പ്ലസ് ടു തലത്തിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് അനുമോദനവും നടന്നു.രക്തദിനാചരണ ഭാഗമായി ആലുവ സെന്റ് സേവിയേഴ്സ് കോളേജ്, തൃപ്പൂണിത്തുറ ചിന്മയ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എന്നിവിടങ്ങളിൽ രക്തദാന ക്യാമ്പുകളും സംഘടിപ്പിച്ചു.

ചടങ്ങിൽ ഞഇ.മാത്യു, ഞഇ. ഹരിശങ്കർ, ഫീൽഡ് പബ്ലിസിറ്റി ഓഫീസർ ജയറാം,ആർ.സി.സി സെക്രട്ടറി അവിക്ഷിത് കെ.ആർ, ഉപദേശക സമിതി അംഗം പി.പി അജിമോൻ, ആർ.സി.സി പ്രോഗ്രാം കൺവീനേർസായ അമൽ എം.ആർ, കൃഷ്ണാനന്ദ്.ആർ, ആർ സി സി കോർഡിനേറ്റർ എം രഞ്ജിത്ത് കുമാർ എന്നിവർ സംസാരിച്ചു.

# വിദ്യാദേവതയുടെ സന്നിധിയിൽ നൂറുകണക്കിന് കുരുന്നുകൾ ആദ്യാക്ഷരം കുറിച്ചു



**ശിവഗിരി :** വിദ്യാരംഭദിനമായ ഇന്നലെ നാടിൻറെ നാനാഭാഗങ്ങളിൽ നിന്നുമായി നൂറുകണക്കിനു മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളുമായി എത്തിച്ചേർന്ന്, വിദ്യാദേവതയുടെ സന്നിധിയിൽ ഗുരുദേവ സംന്യസ്ഥ ശിഷ്യർ ആദ്യാക്ഷരം പകർന്നു നൽകി. പുലർച്ചെ മുതൽ ശിവഗിരി മഠവും സമീപ പ്രദേശങ്ങളും ശിവഗിരി മഹാതീർത്ഥാടനത്തെ സ്മരിക്കുംവിധം ഭക്തരാൽ നിബിഡമായി മാറി.

ശിവഗിരിമഠം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി, ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി, ട്രഷറർ ശാരദാനന്ദ സ്വാമി, മുൻ ജനറൽ സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, മുൻ ട്രഷറർ സ്വാമി വിശാലാനന്ദ, ട്രസ്റ്റ് ബോർഡ് അംഗങ്ങൾ, ശിവഗിരി മഠത്തിൻറെ വിവിധ ശാഖാസ്ഥാപനങ്ങളിൽ നിന്നും എത്തിച്ചേർന്ന മറ്റു സംന്യാസി ശ്രേഷ്ഠർ ഉൾപ്പെടെയുള്ളവരാണ് കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്നു നൽകിയത്. സ്വാമി അവ്യയാനന്ദ, സ്വാമി ഗുരുപ്രസാദ് , സ്വാമി അമേയാനന്ദ, സ്വാമി ശിവനാരായണ തീർത്ഥ, സ്വാമി അസംഗാനന്ദഗിരി, സ്വാമി വിരജാനന്ദഗിരി, സ്വാമി ദിവ്യാനന്ദഗിരി, സ്വാമി ഹംസതീർത്ഥ, സ്വാമി മഹാദേവാനന്ദ, സ്വാമി വിഖ്യാതാനന്ദ തുടങ്ങിയവരൊക്കെ എഴുതിക്കുകയുണ്ടായി.

ശിവഗിരി മഠത്തിലെ എല്ലാവിഭാഗവും ചേർന്ന് കുറ്റമറ്റ ക്രമീകരണങ്ങൾ ചെയ്തതിനാൽ തിരക്കൊഴിവാക്കി ശാരദാമഠത്തിൽ കുട്ടികളുമായി എത്തിച്ചേരാൻ ഉറ്റവർക്കായി. നാടുണരും മുമ്പേ ബുക്സ്റ്റാളിന് സമീപത്തെ വഴിപാട് കൗണ്ടർ പ്രവർത്തനമാരംഭിച്ചു. പതിവിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ചിരിക്കുന്നതിനാൽ കാത്തു നിൽക്കാതെ രജിസ്റ്റർ ചെയ്യാനും ശാരദാമഠത്തിലേക്ക് കുഞ്ഞുങ്ങളെ എത്തിക്കാനുമായി. എത്തിച്ചേർന്നവർക്കെല്ലാം ഗുരുപൂജാഹാളിൽ പ്രഭാതഭക്ഷണവും ഉച്ചയ്ക്ക് ഗുരുപൂജാഭക്ഷണവും നൽകുകയുണ്ടായി. കഴിഞ്ഞ 3 ന് നവരാത്രി മണ്ഡപത്തിൽ തുടക്കം കുറിച്ച വൈവിദ്ധ്യമാർന്ന പരിപാടികളും ഭക്തിനിർഭരമായ ആലാപനങ്ങളും വിദ്യാരംഭ ദിനമായ ഇന്നലെയും ഉണ്ടായിരുന്നു. വൈദികമഠം, ബോധാനന്ദ സ്വാമി സമാധി, മഹാസമാധി എന്നിവിടങ്ങളിലും ദർശനം നടത്തിയാണ് ഭക്തർ മടങ്ങിയത്.



കലൂർ ശ്രീരാമകൃഷണ ആശ്രമത്തിലെ നവരാത്രി ആഘോഷങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ സ്കോളർഷിപ്പ് ഏറ്റുവാങ്ങാൻ എത്തിയ വിദ്യാർഥിനിയെ കൊണ്ട് തിരി തെളിയിക്കുന്ന ജസ്റ്റിസ്. ദേവൻ രാമചന്ദ്രൻ. സി എസ് മുരളീധരൻ, സി.ജി രാജഗോപാൽ എന്നിവർ സമീപം.

# തൊഴിലില്ലായ്മ: കേരളം ചിന്തിക്കേണ്ട സമയം അതിക്രമിച്ചെന്ന് ജസ്റ്റിസ്. ദേവൻ രാമചന്ദ്രൻ

**കൊച്ചി:** കേരളത്തിൽ തൊഴിലവസരങ്ങൾ ഇല്ലെന്ന് പറയുമ്പോഴും മുപ്പത് ലക്ഷത്തോളം അതിഥി തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന വസ്തുത ഗൗരവമായി കാണണമെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. മൂന്നരക്കോടി ജനസംഖ്യയുള്ള കേരളത്തിൽ ഇത്രയധികം പേർ പുറത്ത് നിന്ന് വന്ന് ജോലി ചെയ്യുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. നമുക്ക് മുന്നിലുള്ള എല്ലാ കാര്യങ്ങളും നമ്മുടെ നേട്ടമാണെന്ന് വിശ്വസിക്കേണ്ട കാലം കഴിഞ്ഞു. വിദ്യാഭ്യാസമെന്നാൽ പഠിപ്പ് മാത്രമല്ല. ജീവിതം തന്നെ വിദ്യാഭ്യാസമാണ്. സ്വാർത്ഥത വെടിഞ്ഞ് ജീവിക്കാൻ പഠിക്കണം. സ്വന്തം സ്ഥാനം ഉറപ്പിക്കാനുള്ള ഓട്ടപാച്ചിലിലാണ് എല്ലാവരും. കരുണ, ദയ എന്നിവയിലൂടെ ജീവിക്കണമെന്നും ദേവൻ രാമചന്ദ്രൻ ഓർമ്മിപ്പിച്ചു. കലൂർ ശ്രീരാമകൃഷ്ണ സോവാശ്രമത്തിലെ നവരാത്രി ആഘോഷങ്ങളും പഠിത്തത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികൾക്ക് ഹീലിംഗ് ലൈവ്സ് എന്ന ഓർഗനൈസേഷന്റെ പേരിൽ സാമൂഹിക പ്രവർത്തകയും അന്താരാഷ്ട്ര ബിസിനസ്സ് സംരഭക യുമായ ജനി വിശ്വനാഥ് നൽകുന്ന സ്കോളർഷിപ്പ്വിതരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആശ്രമം മാനേജിംഗ് ട്രസ്റ്റി സി. എസ്. മുരളിധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ട്രസ്റ്റിമാരായ കെ.എൻ കർത്ത, രാജീവ് വൈലോപ്പിള്ളി, സി.ജി. രാജഗോപാൽ, ഹണി എസ്. ഗോപി, കെ. സുകുമാരൻ എന്നിവർ പങ്കെടുത്തു.



## വിദ്യാഭ്യാസത്തിലൂടെയുള്ള സാമുദായിക ഉന്നമനം അനിവാര്യം: ഡോ ജെറോം ചിങ്ങം തറ

**കോഴിക്കോട്:** കോഴിക്കോട് രൂപത വിദ്യാഭ്യാസ സംഗമം വെള്ളിമാടുകുന്ന് ഹോളി റെഡിമർ ദേവാലയത്തിൽ ഫെറോന വികാരി ഡോക്ടർ ജെറോം ചിങ്ങം തറ ഉദ്ഘാടനം ചെയ്തു വിദ്യാഭ്യാസത്തിലൂടെയുള്ള സാമുദായി ഉന്നമനം അനിവാര്യമാണെന്ന് ഫാ ജെറോം ഉത്ബോധിപ്പിച്ചു വികാരി ഫാ ഡെന്നീ മോസസ് പരിപാടിയിൽ അധ്യക്ഷത വഹിച്ചു ഇടവക ആനിമേറ്റർ ലിനറ്റ് പ്രസംഗിച്ചു . രൂപത ചാൻസലർ ഫാ സജിവ് വർഗീസ്, പാക്സ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ഫാ സൈമൺ പീറ്റർ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി വിവിധ ഇടവകയിൽ നിന്നുള്ള പ്രതിനിധിയിൽ പങ്കെടുത്ത് വിദ്യാഭ്യാസ പ്രവർത്തനം ഊർജിതമാക്കുവാനുള്ള തീരുമാനങ്ങൾ കൈകൊണ്ട് യോഗം അവസാനിപ്പിച്ചു.




## ഗാന്ധി സ്മൃതി സംഘടിപ്പിച്ചു

**വടുതല:** പുരോഗമന കലാസാഹിത്യ സംഘം വടുതല യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ടി.എസ്. മുരളി സ്മാരക ഓപ്പൺ ലൈബ്രറിയുടെ ആറാം വാർഷികവും ഗാന്ധി സ്മൃതിയും സംഘടിപ്പിച്ചു. ഗാന്ധി സ്മൃതി അനുസ്മരണ പ്രഭാഷണം പ്രശസ്ത നോവലിസ്റ്റ് വിനോദ് കൃഷ്ണ നടത്തി ലൈബ്രറിയുടെ ആറാം വാർഷികത്തോടനുബന്ധിച്ചുള്ള പുസ്തക സമാകരണ യജ്ഞം പി എൻ സീനുലാൽ നിർവഹിച്ചു നിരവധി പേർ പുസ്തക സമാഹരണ യജ്ഞത്തിൽ പങ്കാളിയായി കൊണ്ട് ലൈബ്രറിക്ക് പുസ്തകം കൈമാറി തുടർന്ന് ഷാജി ജോർജ് പ്രണത പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സെക്രട്ടറി ജോഷി ഡോൺ ബോസ്ക്കോ പുരോഗമന കലാസാഹിത്യസംഘം എറണാകുളം മേഖലാ സെക്രട്ടറി ആർ. നിഷാദ് ബാബു എന്നിവർ സംസാരിച്ചു. പിജി വായനക്കൂട്ടത്തിന്റെ എൺപത്തി ഒമ്പതാമത് പുസ്തക ചർച്ചയ്ക്കുള്ള ജോൺ ഫെർണാണ്ടസിന്റെ കനൽ കൊച്ചി എന്ന നോവൽ ടി.യു ഗീത അവതാരകൻ പി.മുരളിക്ക് കൈമാറി പുരോഗമന കലാ സാഹിത്യ സംഘം വടുതല യൂണിറ്റ് പ്രസിഡന്റ് സി.കെ.പ്രേംശങ്കർ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.ജി.സഞ്ജിത് സ്വാഗതവും ഒ.പി.സുനിൽ നന്ദിയും പറഞ്ഞു

## അനുസ്മരണം നടത്തി

**കൊച്ചി:** വൈ എം സി ഏ സ്ഥാപകൻ സർ ജോർജ്ജ് വില്യംസിന്റ 203 മത് ജന്മദിന അനുസ്മരണം നടത്തി.

വൈ എം സി ഏ നാഷണൽ മിഷൻ ആന്റ് വിഷൻ ഇപ്ളിമെന്റേഷൻ കമ്മറ്റി വൈസ് ചെയർമാൻ ഡാനിയേൽ സി ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് മെൻ ഇന്റർനാഷണൽ മുൻ ഐ സി എം ഡോ ജോസഫ് കോട്ടൂരാൻ അനുസ്മരണ പ്രഭാഷണം നടത്തി എറണാകുളം വൈ എം സി ഏ മുൻ പ്രസിഡന്റ്മാരായ സന്തോഷ് തോമസ് കാനാടൻ , പി ജെ കുര്യാച്ചൻ ,മാത്തൻ വർഗീസ് അലക്സാണ്ടർ എം ഫിലിപ്പ്, നാഷണൽ മിഷൻ ആന്റ് വിഷൻ ഇപ്ളിമെന്റേഷൻ കമ്മറ്റി അംഗം കുരുവിള മാത്യൂസ് ബോർഡ് അംഗങ്ങളായ ജോസ് പി മാത്യു മാത്യൂസ് ഏബ്രഹാം ,മറ്റോ തോമസ് ,കെ ഏക്സ് സേവ്യർ മുൻ ബോർഡ് അംഗങ്ങളായ മോഹൻ വെട്ടത്ത് ,മാത്യു കോശി സി ചാണ്ടി എന്നിവർ പ്രസംഗിച്ചു.ജന്മദിനാഘോഷത്തിന്റെ ഭാഗമായി തെരുവിൽ കഴിയുന്നവർക്ക്ദ ഭക്ഷണ പൊതി വിതരണും നടത്തി.



# വിഴിഞ്ഞം തുറമുഖം: ഒന്നാംഘട്ട കമ്മിഷനിങ് ഡിസംബറിൽ; ഇതുവരെ എത്തിയത് 19 കപ്പലുകൾ

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ കമ്മിഷനിങ് ഡിസംബർ 3ന് നടത്താൻ ആലോചന. സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായുള്ള കരാർ അനുസരിച്ച് ഡിസംബർ മൂന്നിനാണ് കമ്മിഷനിങ് നടത്തേണ്ടത്. തീയതി സംബന്ധിച്ച അന്തിമ തീരുമാനം എടുക്കേണ്ടത് സർക്കാരാണ്.

വിഴിഞ്ഞം തുറമുഖം ട്രയൽ റൺ ആരംഭിച്ചശേഷം 19 കപ്പലുകളാണ് തുറമുഖത്തിലെത്തിയത്. 60,503 കണ്ടെയ്നറുകൾ (ടിഇയു) കൈകാര്യം ചെയ്തു. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്. തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 10.7 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപാതയുടെ നിർമാണത്തിന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഔട്ടർ റിങ് റോഡും, വികസന ഇടനാഴിയും, ഔട്ടർ ഏരിയ ഗ്രോത് കോറിഡോറും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്.

8 ഷിപ്പ് ടു ഷോർ ക്രെയിനുകളും 23 യാർഡ് ക്രെയിനുകളും വിഴിഞ്ഞം തുറമുഖത്ത് സ്ഥാപിച്ചു. തുറമുഖത്തിനായുള്ള 220 കെവി സബ്സ്റ്റേഷൻ, 33 കെവി സബ്സ്റ്റേഷൻ, പോർട്ട് ഓപ്പറേഷൻ കെട്ടിടം, ഗേറ്റ് കോംപ്ലക്സ്, സെക്യൂരിറ്റി ബിൽഡിങ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചു. വിഴിഞ്ഞം തുറമുഖത്തിന്റെ സ്ഥാനം രാജ്യാന്തര കപ്പൽചാലിന് അടുത്തായതിനാൽ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾക്ക് വരെ വിഴിഞ്ഞം തുറമുഖത്തിൽ എത്താൻ കഴിയും. കണ്ടെയ്നറുകൾ കൈകാര്യം ചെയ്തതിന്റെ നികുതി ഇനത്തിൽ ഇതുവരെ 4.7 കോടിരൂപ സർക്കാരിനു ലഭിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള മത്സ്യബന്ധന തുറമുഖം വിഴിഞ്ഞത്ത് നിർമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

# ശബരിമല 16ന് വൈകിട്ട് തുറക്കും: മേൽശാന്തി നറുക്കെടുപ്പ് 17ന്

**ശബരിമല:** തുലാമാസ പൂജയ്ക്കായി ക്ഷേത്രനട 16നു വൈകിട്ട് 5ന് തുറക്കും. അന്നു രാത്രി 10 വരെ തീർഥാടകർക്ക് ദർശനത്തിന് അവസരം ലഭിക്കും.17 മുതൽ 21 വരെയാണ് പൂജകൾ. 21ന് രാത്രി 10ന് നട അടയ്ക്കും. പുതിയ മേൽശാന്തിമാരെ കണ്ടെത്താനുള്ള നറുക്കെടുപ്പ് 17ന് രാവിലെ ഉഷഃപൂജയ്ക്കു ശേഷം സന്നിധാനത്തു നടക്കും. തന്ത്രിമാരായ കണ്ഠര് രാജീവര്, കണ്ഠര് ബ്രഹ്മദത്തൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്.

പ്രശാന്ത്, അംഗങ്ങളായ എ.അജികുമാർ, ജി.സുന്ദരേശൻ, സ്പെഷൽ കമ്മിഷണറും ജില്ലാ ജഡ്ജിയുമായ ആർ.ജയകൃഷ്ണൻ എന്നിവരുടെ സാന്നിധ്യത്തിലാണ് നറുക്കെടുപ്പ്.ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തിരഞ്ഞെടുക്കാനുള്ള നറുക്കെടുപ്പ് നടപടികളുമായി മുന്നോട്ട് പോകാൻ ഹൈക്കോടതി



അനുമതി നൽകിയിട്ടുണ്ട്.

മേൽശാന്തി നിയമന അഭിമുഖത്തിനുള്ള പട്ടികയിൽ വിജ്ഞാപന പ്രകാരമുള്ള നിശ്ചിതകാലം മേൽശാന്തിയാകാത്തവരും ഉൾപ്പെട്ടെന്ന പരാതിയുൾപ്പെടെ പരിഗണിച്ച ജസ്റ്റിസ് അനിൽ കെ.നരേന്ദ്രൻ, ജസ്റ്റിസ് പി.ജി.അജിത്കുമാർ എന്നിവരുൾപ്പെട്ട ദേവസ്വം ബെഞ്ചാണ് അനുമതി നൽകിയത്.

അതേസമയം മതിയായ പൂജാ പരിചയം ഇല്ലെന്ന് കണ്ടെത്തിയവരെ നറുക്കെടുപ്പ് പട്ടികയിൽ ഉൾപ്പെടുത്തുന്നതു കോടതിയുടെ തുടർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മതിയെന്നും നിർദേശിച്ചിട്ടുണ്ട്.എം.പ്രമോദ്, ടി.കെ.യോഗേഷ് നമ്പൂതിരി എന്നിവർക്കു മതിയായ പൂജാ പരിചയം ഇല്ലെന്നു കണ്ടെത്തിയിരുന്നെന്നും എന്നാൽ അപ്പീലിനെ തുടർന്നാണു പട്ടികയിൽ ഉൾപ്പെടുത്തിയതെന്നും കോടതി ചൂണ്ടിക്കാട്ടി.

എന്നാൽ ഇതിനുള്ള കാരണം ഫയലിൽ വ്യക്തമാക്കിയിട്ടുമില്ല. ഇരുവരെയും സ്വമേധയാ കക്ഷി ചേർത്ത ഹൈക്കോടതി നോട്ടിസിനും നിർദേശിച്ചു.പട്ടികയിൽ ഉൾപ്പെട്ടവർക്ക് അഭിമുഖത്തിൽ ലഭിച്ച മാർക്കിലും അന്തരമുണ്ടെന്നും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ നൽകണമെന്ന ഉത്തരവ് കർശനമായി പാലിച്ചിട്ടില്ലെന്നും കോടതി പറഞ്ഞു.



# അറ്റകുറ്റപ്പണി; കുണ്ടന്നൂർ പാലം നാളെ മുതൽ ഒരു മാസം അടച്ചിടും

**കുണ്ടന്നൂർ:** ദേശീയ പാത 966ബി കുണ്ടന്നൂർ ജംക്ഷൻ മുതൽ സിഫ്റ്റ് ജംക്ഷൻ വരെ നടക്കുന്ന അറ്റകുറ്റപ്പണിയുടെ ഭാഗമായി 15 മുതൽ ഒരു മാസം കുണ്ടന്നൂർ തേവര പാലം, അലക്സാണ്ടർ പറമ്പിത്തറ പാലങ്ങൾ അടച്ചിടുമെന്ന് സിറ്റി പൊലീസ് കമ്മിഷണർ അറിയിച്ചു. യാത്രികരുടെ ഏറെ നാളത്തെ മുറവിളിക്കും പ്രതിഷേധങ്ങൾക്കുമാണ് ഇതോടെ പരിഹാരമാകുന്നത്. സ്റ്റോൺ മാസ്റ്റിക് അസാൾട്ട് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ടാർ ചെയ്യുന്നത്. പാലത്തിലെ ശോച്യാവസ്ഥയിലായ ടാറിങ് മിൽ ചെയ്തു പൂർണമായി നീക്കിയതിനു ശേഷമാകും പുതിയ ടാറിങ്ങെന്നു ദേശീയ പാത അധികൃതർ പറഞ്ഞു. നവംബർ 15നു പാലം തുറന്നു കൊടുക്കാനാകുമെന്നാണു പ്രതീക്ഷ.

5നു പുലർച്ചെ മുതൽ തേവരകുണ്ടന്നൂർ, അലക്സാണ്ടർ പറമ്പിത്തറ പാലങ്ങളിലൂടെ ഇരുചക്രം ഉൾപ്പെടെ ഒരു വാഹനത്തെയും കടത്തിവിടില്ല.

പശ്ചിമകൊച്ചി ഭാഗത്തു നിന്നു കുണ്ടന്നൂർ ഭാഗത്തേക്കുള്ള ഹെവി വാഹനങ്ങൾ ഒഴികെയുള്ളവ വിക്രാന്ത് പാലം (വെണ്ടുരുത്തിപ്പാലം) വഴി എംജി റോഡ് , പള്ളിമുക്ക്, സഹോദരൻ അയ്യപ്പൻ റോ!ഡ്, വൈറ്റില വഴി പോകണം. ഹെവി വാഹനങ്ങൾ രാത്രി 9 മുതൽ പുലർച്ചെ 6 വരെ മാത്രം ഇതേ മാർഗത്തിലൂടെ പോകണം.

ഇടക്കൊച്ചി ഭാഗത്തു നിന്നു കണ്ണങ്ങാട്ട് പാലം വഴി കുണ്ടന്നൂർ ഭാഗത്തേക്കുള്ള വാഹനങ്ങൾ കണ്ണങ്ങാട്ട് പാലം വഴി എൻഎച്ച് 966യിൽ ഇടതു ഭാഗത്തേക്കു തിരിഞ്ഞ് ബി.ഒ.ടി ഈസ്റ്റ് ജംക്ഷൻ, വാത്തുരുത്തി ലെവൽ ക്രോസ് വിക്രാന്ത് പാലം(വെണ്ടുരുത്തിപ്പാലം) , എംജി റോഡ്, പള്ളിമുക്ക് , സഹോദരൻ അയ്യപ്പൻ റോഡ,വൈറ്റില വഴി പോകണം.

തൃപ്പൂണിത്തുറ കുണ്ടന്നൂർ വില്ലിങ്ഡൻ ദ്വീപ്, പശ്ചിമകൊച്ചി ഭാഗങ്ങളിലേക്ക് പോകേണ്ട ഹെവി വാഹനങ്ങൾ ഒഴികെയുള്ള വാഹനങ്ങൾ വൈറ്റില ജംക്ഷൻ, സഹോദരൻ അയ്യപ്പൻ റോഡ് എം.ജി റോഡ് വഴി പോകണം. ഹെവി വാഹനങ്ങൾ രാത്രി 9 മുതൽ പുലർച്ചെ 6 വരെ മാത്രം ഇതേ മാർഗത്തിലൂടെ പോകണം.

കുമ്പളം ഭാഗത്തു നിന്നു കുണ്ടന്നൂർ വഴി വില്ലിങ്ഡൻ ദ്വീപ്, പശ്ചിമകൊച്ചി ഭാഗങ്ങളിലേക്കുള്ള വാഹനങ്ങൾ അരൂർ, ഇടക്കൊച്ചി പാലം വഴിയോ വൈറ്റില ജംക്ഷൻ വഴിയോ പോകണം

# പാലക്കാട് ജില്ലാ ആശുപത്രിയിൽ 3.5 കോടി രൂപ ചെലവിൽ പുതിയ സിടി സ്കാൻ യന്ത്രം



**പാലക്കാട്:** ജില്ലാ ആശുപത്രിയിൽ പഴയ സിടി സ്കാൻ മെഷീൻ ഇടയ്ക്കിടെ പണിമുടക്കുന്നതിനു പരിഹാരമായി ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 3.5 കോടി രൂപ ചെലവിൽ പുതിയ മെഷീൻ സ്ഥാപിച്ചു. ഇതോടെ കൂടുതൽ വേഗത്തിൽ സിടി സ്കാൻ സാധ്യമാകും. ആശുപത്രിയിൽ ഒരു മാസം ശരാശരി 1200 സിടി സ്കാൻ വരെ നടത്തുന്നുണ്ട്. നിലവിലുണ്ടായിരുന്ന മെഷീൻ 10 വർഷത്തിലേറെ പഴക്കമുള്ളതാണ്. ഇത് ഇടയ്ക്കിടെ പണിമുടക്കുന്നതു രോഗികൾക്കും അധികൃതർക്കും ഏറെ ബുദ്ധിമുട്ടു സൃഷ്ടിച്ചിരുന്നു.

ഈ സമയം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നു കൂടുതൽ തുക നൽകി വേണം സിടി സ്കാൻ എടുക്കാൻ. ഇതോടെയാണു പുതിയ മെഷീനായി ജില്ലാ പഞ്ചായത്ത് 3.5 കോടി രൂപ അനുവദിച്ചത്.പുതിയ മെഷീൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സി.കെ.ചാമുണ്ണി അധ്യക്ഷനായി. അംഗം സഫ്ദർ ഷെരീഫ്, ആശുപത്രി സൂപ്രണ്ട് ഡോ.പി.കെ.ജയശ്രീ, നഗരസഭാംഗം അനുപമ പ്രശോഭ് എന്നിവർ പ്രസംഗിച്ചു.

# വയനാട് ടൂറിസം പ്രമോഷണൽ ടൂർ ആരംഭിച്ചു

**കൽപറ്റ:** വയനാട്ടിലെ ടൂറിസം മേഖലയെ ബാധിച്ച പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കൽപറ്റ വൈഎംസിഎ യൂത്ത് വിങ് അംഗങ്ങൾ അടങ്ങുന്ന മോട്ടോ കലക്ടീവ് (മോക്കോ) ക്ലബ് വയനാട്ടിൽ നിന്നു ലഡാക്കിലേക്ക് വയനാട് ടൂറിസം പ്രമോഷനൽ ടൂർ ആരംഭിച്ചു. 'ലെറ്റ്സ് എക്സ്പ്ലോർ വയനാട്' പ്രമേയത്തിലുള്ള പര്യടനം പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പ്രദർശിപ്പിക്കാനും പ്രകൃതി സൗന്ദര്യം, സംസ്കാരം എന്നിവയിലേക്ക് ആഗോള ശ്രദ്ധ കൊണ്ടുവരാനും ലക്ഷ്യമിടുന്നു.

യാത്രയുടെ ഫ്ലാഗ് ഓഫ് കലക്ടറേറ്റ് പരിസരത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ നിർവഹിച്ചു. ഡിടിപിസി സെക്രട്ടറി കെ.ജി.അജേഷ് അധ്യക്ഷത വഹിച്ചു. വൈഎംസിഎ കൽപറ്റ സെക്രട്ടറി സി.എച്ച്.സ്റ്റാൻലി, മോക്കോ ക്ലബ് അംഗം പ്രിൻസ് സോളമൻ എന്നിവർ പ്രസംഗിച്ചു. സുജിത്ത് ഡോൺ, അനിൽ ജയിംസ്, ക്രിസ് ജെസൂഡിയൻ, സോളമൻ, സ്വനൂപ് ജോൺ, അഗസ്റ്റിൻ ബാബു, എം.ടി.ബിജു, എം.എസ്.വിപിൻ എന്നിവരാണു യാത്രാസംഘത്തിൽ.

# അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി പത്തനംതിട്ട ഒരുങ്ങുന്നു

**പത്തനംതിട്ട:** പ്രഥമ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ പത്തനംതിട്ടയെ ( ഐഎഫ്എഫ്പി ) വരവേൽക്കാനൊരുങ്ങി നഗരം. പത്തനംതിട്ട നഗരസഭയും സംസ്ഥാന ചലച്ചിത്ര അക്കാഡമിയും ചേർന്ന് സംഘടിപ്പിക്കുന്ന ആദ്യ അന്താരാഷ്ട്ര ചലച്ചിത്രമേള നവംബർ 8, 9, 10 തീയതികളിലായി നഗരത്തിൽ നടക്കും.

വിവിധ വിഭാഗങ്ങളിലായി ലോക ക്ലാസിക്കുകൾ കൺമുന്നിൽ എത്തുന്നത് നാടിന് നവ്യാനുഭവം സമ്മാനിക്കും. മേളയുടെ ഭാഗമായി വിവിധ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കും.

ലോകസിനിമ, ഇന്ത്യൻ സിനിമ, മലയാള സിനിമ എന്നീ വിഭാഗങ്ങളിലായി ഇരുപത്തിഅഞ്ചോളം ക്ലാസിക് ചലച്ചിത്രങ്ങളാണ് മേളയിൽ ഉണ്ടാവുക. പത്തനംതിട്ട നഗരത്തിലെ നാല് തിയറ്ററുകളിലായി നാല്പതോളം പ്രദർശനങ്ങൾ നടക്കും. സംസ്ഥാന മന്ത്രിമാർ, വിഖ്യാത സംവിധായകർ, ചലച്ചിത്ര അക്കാഡമി ചെയർമാൻ എന്നിവർക്കൊപ്പം ചലച്ചിത്ര മേഖലയിലെ പ്രഗത്ഭരും പത്തനംതിട്ടയുടെ ചലച്ചിത്ര പ്രതിഭകളും മേളയുടെ ഭാഗമാകും.

പ്രഥമ അന്താരാഷ്ട്ര ചലച്ചിത്രമേളയെ നാടിൻറെ സാംസ്കാരിക ഉത്സവമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് സംഘാടകർ. മേളയ്ക്ക് മുന്നോടിയായി ജില്ലയുടെ വിവിധ മേഖലകളിലും കലാലയങ്ങളിലും സെമിനാറുകൾ, നാടൻ കലകൾ, ഫ്ളാഷ് മോബ് എന്നിവ അരങ്ങേറും. നവംബർ ഏഴിന് നഗരത്തിൽ ജില്ലയുടെ സാംസ്കാരിക മേഖലയെ അടയാളപ്പെടുത്തുന്ന വിപുലമായ വിളംബര ജാഥ നടത്തും.

മേളയിൽ സിനിമാ പ്രദർശനം കൂടാതെ മീറ്റ് ദ ഡയറക്ടർ, ഓ




പ്പൺ ഫോറം, സെമിനാറുകൾ, പുസ്തകമേള എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. മേളയുടെ ഒരുക്കങ്ങൾക്കായി നഗരസഭാധ്യക്ഷൻ ടി. സക്കീർ ഹുസൈൻ ചെയർമാനും എം.എസ്. സുരേഷ് കൺവീനറുമായ വിപുലമായ സംഘാടക സമിതിയും 18 ഉപസമിതികളും പ്രവർത്തിക്കുന്നുണ്ട്.

ചലച്ചിത്ര മേളയിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രേഷൻ നിർബന്ധമാണ്. നഗരത്തിലെ ടൗൺഹാളിൽ പ്രവർത്തിക്കുന്ന സംഘാടകസമിതി ഓഫീസിൽ നേരിട്ട് ഗൂഗിൾ ഫോം മുഖേനയും രജിസ്റ്റർ ചെയ്യാവുന്നതാണ്. കോളജ് നൽകുന്ന തിരിച്ചറിയൽ രേഖ ഹാജരാക്കുന്ന വിദ്യാർഥികൾക്ക് 150 രൂപയും മറ്റുള്ളവർക്ക് 300 രൂപയുമാണ് മേളയുടെ രജിസ്ട്രേഷൻ ഫീസ്.

നഗരത്തിലെ പ്രഥമ അന്താരാഷ്ട്ര ചലച്ചിത്രമേളയെ വരവേൽക്കാൻ കുടുംബശ്രീ മുന്നൊരുക്കങ്ങൾ ആരംഭിച്ചു. സംഘാടകസമിതി ഓഫീസിലെ സാന്നിധ്യം മുതൽ മേളയിൽ ഉടനീളം സജീവമാകാനാണ് നഗരസഭയിലെ സിഡിഎസ് യോഗ തീരുമാനം.

മേളയുടെ സന്ദേശം എല്ലാ കുടുംബങ്ങളിലും എത്തിക്കാൻ ഏറ്റവും അടുത്ത ദിവസങ്ങളിൽ അയൽക്കൂട്ടങ്ങൾ വിളിച്ചു ചേർക്കാനും വിളംബരജാഥയിൽ പങ്കെടുത്ത് വർണാഭമാക്കാനും യോഗം തീരുമാനിച്ചു. ജാഥയിലെ മികച്ച പങ്കാളിത്തത്തിന് പാരിതോഷികം നൽകും. മേളയുടെ വോളണ്ടിയേഴ്സായും കുടുംബശ്രീ സിഡിഎസ് അംഗങ്ങൾ പ്രവർത്തിക്കും. കുടുംബശ്രീ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം നഗരസഭാ ചെയർമാൻ ടി. സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു.

സംഘാടകസമിതി വൈസ് ചെയർമാൻ ജാസിംകുട്ടി, കൗൺസിലർമാരായ പി.കെ. അനീഷ് , എ. സുരേഷ് കുമാർ, ശോഭ കെ. മാത്യു, സിഡിഎസ് ചെയർപേഴ്സൺ പൊന്നമ്മ ശശി, വൈസ് ചെയർപേഴ്സൺ ടീന സുനിൽ, മുനിസിപ്പൽ എൻജിനിയർ സുധീർ രാജ്, കമ്യൂണിറ്റി കൗൺസിലർ അർച്ചന, എൻയുഎൽഎം സിഒ ജയലക്ഷ്മി തുടങ്ങിയവർ പ്രസംഗിച്ചു.

# സ്വർഗം




അജു വർഗ്ഗീസ്, ജോണി ആന്റണി, അനന്യ, മഞ്ജു പിള്ള എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി റെജിസ് ആന്റണി സംവിധാനം ചെയ്യുന്ന സ്വർഗം എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.

ഒക്ടോബർ അവസാനം പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ സിജോയ് വർഗീസ്, വിനീത് തട്ടിൽ, സജിൻ ചെറുകയിൽ, അഭിറാം രാധാകൃഷ്ണൻ, രഞ്ജി കങ്കോൽ, ഉണ്ണി രാജ, പുത്തില്ലം ഭാസി, മനോഹരി ജോയ്, കുടശനാട് കനകം ('ജയ ജയ ഹേ' ഫെയിം), തുഷാര പിള്ള, മേരി ചേച്ചി ('ആക്ഷൻ ഹീറോ ബിജു' ഫെയിം), മഞ്ചാടി ജോബി തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിൽ പുതുമുഖങ്ങളായ സൂര്യ, ശ്രീറാം, ദേവാഞ്ജന, സുജേഷ് ഉണ്ണിത്താൻ, റിതിക റോസ് റെജിസ്, റിയോ ഡോൺ മാക്സ്, സിൻഡ്രല്ല ഡോൺ മാക്സ് എന്നിവരും അഭിനയിക്കുന്നുണ്ട്.

സി എൻ ഗ്ലോബൽ മൂവീസിന്റെ ബാനറിൽ ഡോക്ടർ ലിസി കെ ഫെർണാണ്ടസ് ആൻഡ് ടീം ചേർന്ന് നിർമ്മിക്കുന്ന 'സ്വർഗം' ഈരാറ്റുപേട്ട, പാലാ എന്നിവിടങ്ങളിലായിട്ടാണ് ചിത്രീകരണം പൂർത്തിയാക്കിയത്.

ഒരു സെക്കന്റ് ക്ലാസ് യാത്രഎന്ന ചിത്രത്തിന് ശേഷം റെജിസ് ആന്റണി സംവിധാനം ചെയ്യുന്ന സിനിമയാണിത്.ഡോക്ടർ ലിസി കെ ഫെർണാണ്ടസ് എഴുതിയ കഥയ്ക്ക് സംവിധായകൻ റെജിസ് ആന്റണി, റോസ് റെജിസ് എന്നിവർ ചേർന്ന് തിരക്കഥ, സംഭാഷണമെഴുതുന്നു.ബി കെ ഹരിനാരായണൻ, സന്തോഷ് വർമ്മ, ബേബി ജോൺ കലയന്താനി, എന്നിവർ എഴുതിയ വരികൾക്ക് ബിജിബാൽ,ജിന്റോ ജോൺ, ഡോക്ടർ ലിസി കെ ഫെർണാണ്ടസ് എന്നിവർ സംഗീതം പകരുന്നു. ബേബി ജോൺ കലയന്താനി ഇതാദ്യമായാണ് ഒരു സിനിമക്കായി ഗാനങ്ങൾ രചിക്കുന്നത്. കെ എസ് ചിത്ര, വിജയ് യേശുദാസ്, ഹരിചരൺ,സുദീപ് കുമാർ,സൂരജ് സന്തോഷ്,അന്ന ബേബി എന്നിവരാണ് ഗായകർ. ഛായാഗ്രഹണംഎസ് ശരവണൻ ഡി. എഫ്. ടെക്, ചിത്രസംയോജനം ഡോൺമാക്സ്, കൊറിയോഗ്രാഫികല, കലാസംവിധാനം അപ്പുണ്ണി സാജൻ, മേക്കപ്പ്പാണ്ഡ്യൻ, വസ്ത്രാലങ്കാരംറോസ് റെജിസ്, പ്രൊഡക്ഷൻ കൺട്രോളർ തോബിയാസ്, ഫിനാൻസ് കൺട്രോളർഷിജോ ഡൊമിനിക്, പ്രൊമോഷൻ കൺസൽട്ടന്റ് ജയകൃഷ്ണൻ ചന്ദ്രൻ, ക്രിയേറ്റീവ് ഡയറക്ഷൻ റോസ് റെജിസ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ എ കെ രജിലേഷ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ബാബുരാജ് മനിശ്ശേരി, പ്രോജക്ട് ഡിസൈനർ ജിന്റോ ജോൺ, പ്രോജക്ട് കോഓർഡിനേറ്റർ സിജോ ജോസഫ് മുട്ടം, അസോസിയേറ്റ് ഡയറക്ടേർസ് ആന്റോസ് മാണി, രാജേഷ് തോമസ്, സ്റ്റിൽസ്ജിജേഷ് വാടി, ഡിസൈൻജിസ്സൻ പോൾ,ഐടി സപ്പോർട്ട് ആന്റ് സോഷ്യൽ മീഡിയ അഭിലാഷ് തോമസ്, ബിടിഎസ്ജസ്റ്റിൻ ജോർജ്ജ്,ഡിജിറ്റൽ മാർക്കറ്റിംഗ് ഒബ്സ്ക്യൂറ എന്റർടൈൻമെന്റ്സ്, ഡിസ്ട്രിബ്യൂഷൻസി എൻ ഗ്ലോബൽ മൂവീസ് ത്രൂ വള്ളുവനാടൻ സിനിമാ കമ്പനി, ഡിസ്ട്രിബ്യൂഷൻ ഹെഡ്പ്രദീപ് മേനോൻ.കുടുംബ പശ്ചാത്തലത്തിൽ വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളും അതിലൂടെ തിരിച്ചറിയുന്ന ചില യാഥാർഥ്യങ്ങളുമാണ് തികച്ചും ലളിതമായി നർമ്മരസത്തോടെ 'സ്വർഗ'ത്തിൽ തെളിയുന്നത്.പി ആർ ഒഎ എസ് ദിനേശ്

# ക്രൗര്യം 18ന്




പുതുമുഖം സിനോജ് മാക്സ്,ആദി ഷാൻ, അഞ്ചൽ,നൈറ നിഹാർ എന്നിവരെ കഥാപാത്രങ്ങളാക്കി ആകാശത്തിനും ഭൂമികുമിടയിൽ,മേരെ പ്യാരെ ദേശവാസിയോം എന്നീ സിനിമകൾക്കു ശേഷം സന്ദീപ് അജിത് കുമാർ സംവിധാനം ചെയുന്ന ക്രൗര്യം ഒക്ടോബർ പതിനെട്ടിന പ്രദർശനത്തിനെത്തുന്നു.

വിജയൻ വി നായർ, കുട്ട്യേടത്തി വിലാസിനി, റോഷിൽ പി രഞ്ജിത്ത്, നിസാം ചില്ലു,ഗാവൻ റോയ്,നിമിഷ ബിജോ, പ്രഭ വിജയമോഹൻ, ഇസ്മായിൽ മഞ്ഞാലി, ശ്രീലക്ഷ്മി ഹരിദാസ്, ഷൈജു ടി വേൽ എന്നിവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.മാനന്തവാടി ടാകീസിന്റെ ബാനറിൽ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം നഹിയാൻ നിർവഹിക്കുന്നു.സുരേഷ് ഐശ്വര്യ, ഷംസീർ, കെ ജെ ജേക്കബ് എന്നിവരാണ് കോപ്രൊഡ്യൂസർ. പ്രദീപ് പണിക്കർ തിരക്കഥ സംഭാഷണമെഴുതുന്നു.അഖിൽ ജി ബാബു,അനു കുരിശിങ്കൽ എന്നിവരുടെ വരികൾക്ക് അനു കുരിശിങ്കൽ സംഗീതം പകരുന്നു.എഡിറ്റർഗ്രേയ്സൺ.ടൈറ്റിൽ സോംഗ്,പശ്ചാത്തല സംഗീതംഫിഡൽ അശോക്. സംഘട്ടനം അഷ്റഫ് ഗുരുക്കൾ, പ്രൊഡക്ഷൻ കൺട്രോളർബൈജു അത്തോളി, പ്രൊജക്റ്റ് ഡിസൈനർനിസാം ചില്ലു,അഡിഷണൽ സ്ക്രീൻപ്ലേസന്ദീപ് അജിത് കുമാർ. മേക്കപ്പ്ഷാജി പുൽപള്ളി,ശ്യാം ഭാസി. കലവിനീഷ് കണ്ണൻ, അബി അച്ചൂർ.ചീഫ് അസ്സോ ഡയറക്ടർഷൈജു ടി വേൽ, അസോസിയേറ്റ് ഡയറക്ടർഅനു കുരിശിങ്കൽ,മെജോ മാത്യു. സ്റ്റിൽസ് ആൻഡ് പബ്ലിസിറ്റി ഡിസൈൻനിതിൻ കെ ഉദയൻ,പി ആർ ഒഎ എസ് ദിനേശ്.



# വിടുതലൈ രണ്ടാം ഭാഗം

വെട്രിമാരൻ ചിത്രം വിടുതലൈ രണ്ടാം ഭാഗത്തിന്റെ ഡബ്ബിങ് ഇന്ന് ആരംഭിച്ചു. വിജയ് സേതുപതിയും സൂരിയും വെട്രിമാരനും നിർമ്മാതാക്കളും ചേർന്നുള്ള ചിത്രവും വിജയ് സേതുപതിയും സൂരിയും ഡബ്ബിങ് ആരംഭിക്കും മുന്നേ ഭദ്രദീപം തെളിയിക്കുന്ന ചിത്രവും പുറത്തുവിട്ടുകൊണ്ടാണ് ഡബ്ബിങ് ആരംഭിച്ച വിവരം പ്രൊഡക്ഷൻ ഹൗസ് പ്രേക്ഷകരെ അറിയിച്ചത്. വിജയ് സേതുപതിയും മഞ്ജു വാര്യരും സൂരിയും ഒരുമിക്കുന്ന വിടുതലൈ പാർട്ട് രണ്ട്, 2024 ഡിസംബർ 20ന് തിയേറ്ററുകളിലേക്കെത്തും. വെട്രിമാരൻ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ അനുരാഗ് കശ്യപ്, കിഷോർ, ഗൗതം വാസുദേവ് മേനോൻ, രാജീവ് മേനോൻ, ചേതൻ എന്നിവരാണ് മറ്റുപ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നത്.

ആർ എസ് ഇൻഫോടൈൻമെന്റിന്റെ ബാനറിൽ എൽറെഡ് കുമാറാണ് വിടുതലൈ രണ്ടാം ഭാഗത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. വിടുതലൈ പാർട്ട് 2ന്റെ സംഗീത സംവിധാനം ഇളയരാജയാണ്. ചിത്രത്തിന്റെ കേരളാ വിതരണാവകാശം വൈഗ എന്റർപ്രൈസസ് മെറിലാൻഡ് റിലീസസ് ആണ് കരസ്ഥമാക്കിയത്.ഡി ഓ പി : ആർ. വേൽരാജ്, കലാസംവിധാനം : ജാക്കി, എഡിറ്റർ : രാമർ , കോസ്റ്റ്യൂം ഡിസൈനർ : ഉത്തര മേനോൻ, സ്റ്റണ്ട്സ് : പീറ്റർ ഹെയ്ൻ & സ്റ്റണ്ട് ശിവ, സൗണ്ട് ഡിസൈൻ : ടി. ഉദയകുമാർ, വി എഫ് എക്സ് : ആർ ഹരിഹരസുദൻ, പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൾട്ടന്റ് : പ്രതീഷ് ശേഖർ."

# പ്രാവിൻ കൂട് ഷാപ്പ്




സൗബിൻ ഷാഹിർ, ബേസിൽ ജോസഫ്, ചെമ്പൻ വിനോദ് എന്നിവർ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ശ്രീരാജ് ശ്രീനിവാസൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പ്രാവിൻ കൂട് ഷാപ്പ്' എന്ന ചിത്രത്തിന്റെ രണ്ട് ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന സൗബിൻ ഷാഹിന്റെയും ബേസിൽ ജോസഫിന്റെയും പോസ്റ്ററുകളാണ് റിലീസ് ചെയ്തത്.അൻവർ റഷീദ് എന്റർടൈൻമെന്റിന്റെ ബാനറിൽ അൻവർ റഷീദ് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ചാന്ദ്നീ ശ്രീധരൻ,ശിവജിത് പത്മനാഭൻ,ശബരീഷ് വർമ്മ,നിയാസ് ബക്കർ, രേവതി,വിജോ അമരാവതി, രാംകുമാർ,സന്ദീപ്, പ്രതാപൻ കെ.എസ്.തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. ഷൈജു ഖാലിദ് ആണ്ഛായാഗ്രഹണം നിർവഹിക്കുന്നത്.ഡാർക്ക് ഹ്യൂമർ ശൈലിയിൽ ഒരുക്കുന്ന ഈ ചിത്രത്തിനു വേണ്ടിതല്ലുമാല, ഫാലിമി, പ്രേമലു എന്നീ ചിത്രങ്ങളിലൂടെ ഏറേ ശ്രദ്ധേയനായ വിഷ്ണു വിജയ് സംഗീതം ഒരുക്കുന്നു.ഗാനരചനമുഹ്സിൻ പരാരി,എഡിറ്റർഷഫീഖ് മുഹമ്മദ് അലി,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഎ.ആർ അൻസാർ,പ്രൊഡക്ഷൻ കൺട്രോളർബിജു തോമസ്,പ്രൊഡക്ഷൻ ഡിസൈനർ,ഗോകുൽ ദാസ്,കോസ്റ്റ്യൂംസ് സമീറ സനീഷ്മേക്കപ്പ്റോണക്സ് സേവ്യർ,ചീഫ് അസോസിയേറ്റ് ഡയറക്ടർ അബ്രു സൈമൺ,സൗണ്ട് ഡിസൈനർ വിഷ്ണു ഗോവിന്ദ്ആക്ഷൻകലൈ കിംഗ് വൺ,കളറിസ്റ്റ്ശ്രീക് വാര്യർ,വിഎഫ്എകസ്എഗ്ഗ് വൈറ്റ്, ഡിജിറ്റൽ പ്രൊമോഷൻസ്നേക്ക് പ്ലാന്റ്,സ്റ്റിൽസ്രോഹിത് കെ സുരേഷ്, പബ്ലിസിറ്റി ഡിസൈൻസ് യെല്ലോ ടൂത്ത്സ്, 'ആവേശ'ത്തിനു ശേഷം എ ആന്റ് എ എന്റർടൈൻമെന്റ്സ് ഡിസംബറിൽ പ്രദർശനത്തിനെത്തിക്കുന്ന ചിത്രമാണ് "പ്രാവിൻ കൂട് ഷാപ്പ് '.പി ആർ ഒഎ എസ് ദിനേശ്.



കൊച്ചി ലുലു മാളിലെ വിദ്യാരംഭ ചടങ്ങുകൾ ശ്രീമാൻ നാരായണൻ ഭദ്രദീപം കൊളുത്തി വിദ്യാരംഭചടങ്ങുകൾ ഉദ്ഘാടനം ചെയ്യുന്നു. സുധീപ് കുമാർ, ശ്രീകാന്ത് മുരളി,് അഭിലാഷ് പിള്ള, കലാമണ്ഡലം സോഫിയ, കൃഷ്ണ പ്രഭ ,രാജൻ എൻ നമ്പൂതിരി , സാദിഖ് കാസിം, എൻ. ബി.സ്വരാജ്, വിഷ്ണു നാഥ്, കെ.ബി ഷൈൻകുമാർ, ജോർജ് സാജു, സിബി ഫ്രാൻസിസ് എന്നിവർ സമീപം.

# ലുലുവിൽ അക്ഷരമധുരം നുകർന്ന് കുരുന്നുകൾ ; ആദ്യാക്ഷരം കുറിച്ച് ആദിവാസി ഊരുകളിലെ കുട്ടികളും

**കൊച്ചി :** ലുലു വിദ്യാരംഭത്തിലൂടെ അക്ഷരവെളിച്ചത്തിലേക്ക് ആദ്യാക്ഷരം കുറിച്ച് കുരുന്നുകൾ. മലയാളത്തിൻറെ തനിമയും നാടിൻറെ നന്മയും വിളിച്ചോതി വിപുലമായ രീതിയിലായിരുന്നു ലുലുവിലെ വിദ്യാരംഭ ചടങ്ങുകൾ. സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യത്തിൽ രാവിലെ 9 മണിക്ക് വിദ്യാരംഭം ലുലു മെയിൽ ഏട്രിയത്തിൽ തുടങ്ങി. ശ്രീമാൻ നാരായണൻ ഭദ്രദീപം കൊളുത്തി വിദ്യാരംഭചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. രജിസ്ട്രേഷനിലൂടെ എത്തിയ കുട്ടികൾക്കൊപ്പം ആദിവാസി ഊരുകളിലെ നൂറിലേറെ കുട്ടികളും ലുലു വിദ്യാരംഭത്തിലൂടെ അക്ഷര വഴിയിലേക്ക് ചുവടുവച്ചു.

അടിമാലി ആദിവാസി റേഞ്ചിലെ പിണവൂർകുടി, കുന്നശ്ശേരി, വെള്ളാരംകുത്ത്, കൊരത്തിക്കുടി, ചൂരൻ കണ്ടൻക്കുടി, വാളറക്കുടി ഊരുകളിൽ നിന്നുള്ള കുട്ടികളാണ് ലുലുവിൽ വിദ്യാരംഭത്തിൽ പങ്കെടുത്ത് ആദ്യാക്ഷരം കുറിച്ചത്. അക്ഷരമധുരം നുകർന്ന ശേഷം ലുലുമാൾ കണ്ട് ആസ്വദിച്ച് ഇവർക്കായി പ്രത്യേകം ഒരുതിയിരുന്ന ഭക്ഷണവും കഴിച്ചാണ് ആദിവാസി ഊരുകളിലെ കുട്ടികളും മാതാപിതാക്കളും മടങ്ങിയത്. ലുലു ഫൺടൂറയിലെ ഗെയിമിങ് സോണുകൾ കുട്ടികൾക്ക് നവ്യാനുഭവമാണ് സമ്മാനിച്ചത്. പനംകുളം ഫോറസ്റ്റ് റേഞ്ചിലെ ഉദ്യോഗസ്ഥരും ഇവർക്കൊപ്പമുണ്ടായിരുന്നു. പ്രഗത്ഭരായ ഗുരുക്കൻമാർ നേതൃത്വം നൽകിയ ലുലുവിലെ വിദ്യാരംഭത്തിൽ പങ്കെടുക്കാൻ അവസരം നൽകിയതിനും, മികച്ച സ്വീകരണത്തിനും ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിക്ക് ആദിവാസി ഊരുകളിലെ കുട്ടികളുടെ മാതാപിതാക്കൾ നന്ദി പറഞ്ഞു.

ഗാന്ധിയൻ ശ്രീമാൻ നാരായണൻ, ഗായകൻ സുധീപ് കുമാർ, നടൻ ശ്രീകാന്ത് മുരളി, എഴുത്തുകാരനും സംവിധായകനുമായ അഭിലാഷ് പിള്ള, നർത്തകിയും നടിയുമായ കലാമണ്ഡലം സോഫിയ, നടിയും നർത്തകിയുമായ കൃഷ്ണ പ്രഭ എന്നിവരാണ് കുരുന്നുകൾക്ക് അക്ഷരമധുരം പകർന്നത്.

വിദ്യാരംഭ ചടങ്ങിൽ ആദ്യാക്ഷരം കുറിച്ച കുട്ടികൾക്ക് പ്രത്യേകം സമ്മാനങ്ങളും നൽകി.

ഇടുക്കി എറണാകുളം, ആലപ്പുഴ ജില്ലകൾ ലയൺസ് ഇൻ്റർനാഷണൽ ഡിസ്ട്രിക്ൻറെ സഹകരണത്തോടെയായിരുന്നു വിദ്യാരംഭചടങ്ങുകൾ. ലയൺസ് ക്ലബ്ബ് ഡിസ്ക്രിക് ഗവർണർ രാജൻ എൻ നമ്പൂതിരി അധ്യക്ഷത വഹിച്ചു. ലുലു റീജിയണൽ ഡയറക്ടർ സാദിഖ് കാസിം, ലുലു മീഡിയ കോഓർഡിനേറ്റർ എൻ. ബി.സ്വരാജ്, മാൾ ജനറൽ മാനേജർ വിഷ്ണു നാഥ്, ലയൺസ് ക്ലബ്ബ് ഫസ്റ്റ് വൈസ് ഡിസ്ക്രിട് ഗവർണർ കെ.ബി ഷൈൻകുമാർ, കാബിനറ്റ് സെക്രട്ടറി ജോർജ് സാജു, കാബിനറ്റ് ട്രഷറർ സിബി ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി സജിത്ത് കുമാർ

എന്നിവർ പ്രസംഗിച്ചു. സാമൂഹിക സാംസ്കാരിക മേഖലയിലെ നിരവധി പ്രമുഖരും ചടങ്ങിൽ സാന്നിദ്ധ്യമേകി. കോതമംഗലം ഐ എം എ, ഇടമലയാർ ട്രൈബൽ സെറ്റൽമെൻറ് ജീവനക്കാരും ചടങ്ങിൽ ഭാഗമായി.

# ജിയോ ഫിനാൻഷ്യൽ സർവീസസിന്റെ നവീകരിച്ച ആപ്പ് പുറത്തിറക്കി

**കൊച്ചി / മുംബൈ:** ലോണുകൾ, സേവിംഗ്സ് അക്കൗണ്ടുകൾ, യുപിഐ ബിൽ പേയ്മെന്റുകൾ, റീചാർജുകൾ, ഡിജിറ്റൽ ഇൻഷുറൻസ് എന്നിവയുൾപ്പെടെ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന പുതിയതും മെച്ചപ്പെടുത്തിയതുമായ ജിയോ ഫിനാൻസ് ആപ്പ് ലോഞ്ച് ചെയ്യുന്നതായി ജിയോ ഫിനാൻഷ്യൽ സർവീസസ് പ്രഖ്യാപിച്ചു.

ജിയോ ഫിനാൻഷ്യൽ ആപ്പിന്റെ ബീറ്റാ പതിപ്പ് 2024 മെയ് 30 ന് ആരംഭിച്ചതുമുതൽ ആറ് ദശലക്ഷത്തിലധികം ഉപയോക്താക്കൾ ജിയോ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ (ജെഎഫ്എസ്എൽ) ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ചിട്ടുണ്ട്.ബീറ്റ സമാരംഭത്തിനു ശേഷം, മ്യൂച്വൽ ഫണ്ടുകളിലെ വായ്പകൾ, ഭവനവായ്പകൾ (ബാലൻസ് ട്രാൻസ്ഫർ ഉൾപ്പെടെ), വസ്തുവിചേകസലുള്ള വായ്പകൾ എന്നിവയുൾപ്പെടെ നിരവധി സാമ്പത്തിക ഉൽപന്നങ്ങളും സേവനങ്ങളും ചേർത്തിട്ടുണ്ടെന്ന്ജെഎഫ്എസ്എൽ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ഹിതേഷ് സേത്തിയ പറഞ്ഞു.

പുതിയ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോർ, ആപ്പിൾ ആപ്പ് സ്റ്റോർ, മൈജിയോ എന്നിവയിൽ ലഭ്യമാണ്.ജിയോ ഫിനാൻസ് ആപ്പ് ഉപഭോക്താക്കൾക്ക് അവരുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിലും മ്യൂച്വൽ ഫണ്ട് ഹോൾഡിംഗുകളിലുടനീളമുള്ള ഹോൾഡിംഗുകളുടെ മൊത്തത്തിലുള്ള കാഴ്ചയും വാഗ്ദാനം ചെയ്യുന്നു, ഇത് സാമ്പത്തികം മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ അവരെ സഹായകമാകും. ലൈഫ് ഇൻഷുറൻസ് , ആരോഗ്യം/ മോട്ടോർ ഇൻഷുറൻസ് എന്നിവയുടെ ഇൻഷുറൻസ് പ്ലാനുകൾ ഡിജിറ്റലായി ഒരേ പ്ലാറ്റഫോമിൽ കൊണ്ടുവരാൻ സാധിക്കുന്നുവെന്നും ഹിതേഷ് സേത്തിയ പറഞ്ഞു.

# തിരുവനന്തപുരത്ത് പുതിയ ശാഖ തുറന്ന് ഡിസിബി ബാങ്ക്




**തിരുവനന്തപുരം:** തിരുവനന്തപുരത്ത് വെള്ളയമ്പലം ശാസ്തമംഗലം റോഡിലെ ഡയമണ്ട് കാസിലിൽ ഡിസിബി ബാങ്ക് പുതിയ ശാഖ തുറന്നു. ജീവനക്കാർക്ക് അനുകൂലമായ തൊഴിൽ അന്തരീക്ഷം വളർത്തിയെടുത്ത് സാമൂഹിക ഉത്തരവാദിത്വത്തോടെ സംരംഭകരും, വ്യക്തികളും, ബിസിനസ്സുകളും ഉൾപ്പെടെയുള്ള വലിയ ഉപഭോക്തൃ നിരയിലേക്ക് എത്തിച്ചേരാനുള്ള ബാങ്കിൻറെ ഉദ്യമത്തിൻറെ ഭാഗമായാണ് ഈ വിപുലീകരണം.

ഡിസിബി ബാങ്ക് റീജണൽ ഹെഡ് ഗൗതം കെ രാജുവിൻറെ സാന്നിധ്യത്തിൽ മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ തോമസ് ജോൺ മുത്തൂറ്റ് ശാഖ ഉദ്ഘാടനം ചെയ്തു.

25 ലക്ഷം രൂപയ്ക്കും 2 കോടിയ്ക്കും ഇടയിലുള്ള ഡിസിബി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിലെ തുകയ്ക്ക് പ്രതിവർഷം 7 ശതമാനം വരെ മികച്ച പലിശ നിരക്കും, റീട്ടെയിൽ ബാങ്കിങ് സേവനങ്ങളുടെ സമഗ്രമായ ശ്രേണിയും, ലോക്കറുകളും പുതിയ ഡിസിബി ബാങ്ക് ശാഖ നൽകുന്നു. ഫിക്സഡ് ഡിപ്പോസിറ്റുകളിൽ സ്ഥിര നിക്ഷേപകർക്ക് 8.05 ശതമാനവും, മുതിർന്ന പൗരന്മാർക്ക് 8.55 ശതമാനവും പുതിയ ഡിസിബി ബാങ്ക് ശാഖ നൽകുന്നു.

കുറഞ്ഞ ബാലൻസ് ആവശ്യകതകൾക്ക് വിധേയമായി ഡിസിബി ഗോൾഡ് ലോൺ, ട്രാക്ടർ ലോണുകൾ എന്നിവ പോലുള്ള പെട്ടെന്നുള്ള വായ്പകൾയായി ഡിസിബി ഹാപ്പി സേവിങ്സ് അക്കൗണ്ടിലൂടെ സാധുവായ യുപിഐ ഡെബിറ്റ്, ക്രെഡിറ്റ് ഇടപാടുകൾക്ക് പ്രതിവർഷം 7,500 രൂപ വരെ ക്യാഷ് ബാക്ക് നൽകുന്നു. ട്രാവൽസ്മാർട്ട് കാർഡ് തടസ്സമില്ലാത്ത യാത്രയും ഇൻഷുറൻസും ലഭ്യമാക്കുന്നു. ഡിസിബി റെമിറ്റ് വിദ്യാഭ്യാസം, കുടുംബം, മെഡിക്കൽ ആവശ്യങ്ങൾക്കായി എളുപ്പത്തിൽ അന്താരാഷ്ട്ര ഫണ്ട് കൈമാറ്റം സാധ്യമാക്കുന്നു.

ഡിസിബി ബാങ്ക് പുതിയ ശാഖയിലൂടെ കേരളത്തിലെ ഡിജിറ്റൽ, ബ്രാഞ്ച് സാന്നിധ്യം, ശൃംഖല, ഉപഭോക്തൃ ടച്ച് പോയിൻറുകൾ എന്നിവ ശക്തിപ്പെടുത്തുന്നു. ഡിസിബി ബാങ്ക് പദ്ധതികൾ വ്യക്തികൾക്കും ബിസിനസുകൾക്കും കർഷകർക്കും സംരംഭകർക്കും മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നു.

